# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്പള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 6/55/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/02/2026
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പള ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 6/55/2026 തീയ്യതി: 07/02/2026

**കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്ബാബു കെ.വി | ഡെപ്യൂട്ടി ഡയറക്ടർ | 23-01-2026 | 29-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-01-2026 | 29-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ജയാനന്ദ എച്ച്, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.തോമസ്.കെ, ഓഡിറ്റ് ഓഫീസർ

ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കുമാർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു.വി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിദ്യാസാഗർ ജി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.താഹിറ യൂസഫ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. വിരാജ് തമ്പുരാൻ | സെക്രട്ടറി | 01-04-2024 | 15-01-2025 |
| ശ്രീ.മാധവൻ ഇ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കലേഷ് കുമാർ വി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 29-10-2024 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 30-10-2024 | 10-11-2024 |
| ശ്രീ.മാധവൻ ഇ എ | അസിസ്റ്റന്റ് സെക്രട്ടറി | 11-11-2024 | 31-03-2025 |
| ശ്രീമതി. മഞ്ജുള എൻ കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 12-11-2024 |
| ശ്രീ. ശ്രീനിവാസൻ ടി | ഓവർസിയർ ( അസിസ്റ്റന്റ് എഞ്ചിനിയർ -ഇൻ ചാർജ്ജ്) | 13-11-2024 | 04-12-2024 |
| ശ്രീമതി. മഞ്ജുള എൻ കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 05-12-2024 | 31-03-2025 |
| ശ്രീമതി.ബിന്ദു പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സംഗീത വി വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ.രതീഷ് കുമാർ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി.ജിഷ ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 09-08-2024 |
| ശ്രീമതി.ജയശ്രീ എച്ച് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-08-2024 | 31-03-2025 |
| ഡോ.സ്മിത പ്രഭാകരൻ പിള്ള | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2024 | 25-05-2024 |
| ഡോ.രമ്യാ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 26-05-2024 | 10-07-2024 |
| ഡോ.സ്മിത പ്രഭാകരൻ പിള്ള | മെഡിക്കൽ ഓഫീസർ അലോപ്പതി | 11-07-2024 | 08-08-2024 |
| ഡോ. സന്ധ്യാ എം എൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 09-08-2024 | 31-03-2025 |
| ഡോ.റീജ വി ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 05-02-2025 |
| ഡോ. രമ്യാ ഭാസ്കരൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 06-02-2025 | 31-03-2025 |
| ഡോ.ഷക്കീറലി കെ എ | മെഡിക്കൽ ഓഫീസർ യുനാനി | 01-04-2024 | 31-03-2025 |
| ഡോ.അരുൺരാജ് ഡി | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീ.ശ്രീഹർഷ എം പി | പ്രധാനാധ്യാപകൻ | 01-04-2024 | 31-03-2025 |
| ശ്രീ. അഖിൽ രാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷീന എസ്.എൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | വർഷങ്ങളായി ആവർത്തിച്ച വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല. | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ-അക്കൗണ്ടിൽ ക്രെഡിറ്റാകാത്ത തുകകൾ- അക്കൗണ്ടിംഗ് വിഭാഗം തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-5 |
| 7 | പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.ബാങ്ക് റീ കൺസിലിയേഷനിലെ അപാകങ്ങളും | 1-1-6 |
| 8 | ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | ഷെഡ്യൂൾ B15 ലെ അപാകതകൾ | 1-1-8 |
| 10 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ലൈഫ് വായ്പാ രജിസ്റ്റർ അപൂർണ്ണം | 1-1-10 |
| 12 | ഡെപ്പോസിറ്റ് വിവരങ്ങളിലെ അപാകത. | 1-1-11 |
| 13 | ജേണൽ വൗച്ചറുകൾക്ക് ആധാരമാക്കിയ Source Documents പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | അഡ്വാൻസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-13 |
| 15 | ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-14 |
| 16 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | പഞ്ചായത്ത് കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ | 1-1-16 |
| 18 | വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-1-17 |
| 19 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം- വരവ് ചെലവുകൾ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | പ്രതിമാസ കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല. | 1-1-19 |
| 21 | ഡെപ്രിസിയേഷൻ കണക്കാക്കിയതിൽ അപാകം | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം. | 1-5 |
| 26 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾ | 1-7 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നു- പലിശയിനത്തിൽ വരുമാന നഷ്ടം | 1-10 |
| 31 | കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിക്കാതെയുള്ള അക്കൗണ്ടിംഗ് രീതി അവലംബിച്ചു. | 1-11 |
| 32 | റഗുലറൈസേഷൻ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-12 |
| 33 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്- വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-13 |
| 34 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-14 |

| | | |
|---|---|---|
| 35 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-15 |
| 36 | ഓണം അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-16 |
| 37 | വരൾച്ചാ കുടിവെള്ള വിതരണം അപാകതകൾ 976284 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 38 | പഞ്ചായത്ത് അസറ്റ് ഡിജിറ്റലൈസേഷൻ– GIS മാപ്പിംഗ് പ്രവൃത്തി പൂർത്തീകരിച്ചില്ല. 799974/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 39 | ബസ് ഷെൽട്ടർ നിർമ്മാണം അപാകതകൾ - 800000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 40 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല- മറ്റ് അപാകങ്ങളും 2295029 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 41 | ആരിക്കാടി അണ്ടർ പാസ്സേജ് ഇംപ്രൂവ്മെന്റിന് മോട്ടോറും ജനറേറ്ററും - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 990000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 42 | ഉജാർ കൊടിയമ്മ സ്കൂൾ റോഡ് ബോക്സ് കൾവർട്ട് നിർമ്മാണം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 436810/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 43 | വിവിധ പദ്ധതികൾക്കായി KSEB യിൽ തുക നിക്ഷേപിച്ചത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 44 | നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു - 99500/ - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 45 | ഗ്രാമ പഞ്ചായത്തിലേയ്ക്ക് വാങ്ങിയ ജനറേറ്റർ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.ചെലവ് തുക 1098484/-തടസ്സപ്പെടുത്തുന്നു. | 1-25 |
| 46 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല-167506/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 47 | പഠന മുറി നിർമ്മാണം പ്രവൃത്തി പൂർത്തിയായിട്ടില്ല-225000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 48 | സ്കൂളുകളിലും ഘടകസ്ഥാപനങ്ങളിലും മാലിന്യ ബിൻ സ്ഥാപിക്കൽ വിതരണം പൂർത്തിയായിട്ടില്ല. മറ്റ് അപാകതകളും - 210000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 49 | ബോട്ടിൽ ബൂത്ത് സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 129600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 50 | പോത്തുകുട്ടി വിതരണം രേഖകൾ ഹാജരാക്കിയില്ല- 320000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 51 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ കം സ്കാനർ അനുബന്ധ സാധനങ്ങൾ വാങ്ങൽ– നടപടി ക്രമം പാലിച്ചിട്ടില്ല.-78425 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 52 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ ഫയൽ ഹാജരാക്കിയില്ല- 80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 53 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ– മുഴുവൻ രേഖകൾ ഹാജരാക്കിയിട്ടില്ല.1,95,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 54 | കറവ പശുക്കൾക്ക് കാലിത്തീറ്റ-മുഴുവൻ രേഖകൾ ഹാജരാക്കിയിട്ടില്ല.1,53,000 രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു. | 1-34 |
| 55 | എസ്. എസ്. കെ വിഹിതം-വിശദമായ വിനിയോഗ വിവരം ലഭ്യമല്ല -പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല-14,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 56 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം-നിയമാനുസൃതം മെഡിക്കൽ ക്യാമ്പ് നടത്തിയില്ല- മറ്റ് അപാകതകളും. | 1-36 |
| 57 | അങ്കണവാടി നിർമ്മാണത്തിന് കാസറഗോഡ് വികസന പാക്കേജിലേക്ക് പഞ്ചായത്ത് വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിട്ടില്ല. | 1-37 |
| 58 | വനിത മെൻസ്ട്രുവൽ കപ്പ് വിതരണം-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-38 |
| 59 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ– മാർക്കറ്റ് | 1-39 |

| | | |
|---|---|---|
| | നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി. | |
| 60 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനങ്ങളുടെ സമാഹരണം - നികുതി ഈടാക്കുന്നതിലെ അപാകത | 1-40 |
| 61 | ജൽജീവൻ മിഷൻ പദ്ധതി- അവലോകനം | 1-41 |
| 62 | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യ മേഖല ഗ്രാന്റ്-ഗ്രാമപഞ്ചായത്ത് തല അവലോകനം. | 1-42 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - 2780 രൂപയുടെ നഷ്ടം | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | മെഡിസെപ് പദ്ധതി അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പാ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.10.2025 ലെ 2(1)/2025 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 24.10.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുമ്പള ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
07.02.2026

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1994 ലെ വകുപ്പ് 9 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കി 4 മാസങ്ങൾക്കകം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ 2024-25 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചത് 15.10.2025-ന് മാത്രമാണ്. എന്നാൽ ഗ്രാന്റ് സംബന്ധിച്ച് അപാകതകൾ ഉള്ളതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി AIMS മുഖേനെ സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക റിട്ടേൺ ചെയ്യുന്നതിന് കത്ത് (6.11.2025 തീയതിയിലെ എസ്.സി.1-3502922-2025 നം കത്ത്) നല്കുകയും, പ്രാഥമിക പരിശോധനയിൽ തന്നെ അപാകത കണ്ടെതിനെ തുടർന്ന് ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക റിട്ടേൺ ചെയ്ത് നല്കുകയും ചെയ്തു. തുടർന്ന് സാങ്കേതിക തകരാറ് കാരണം AIMS മുഖേനെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കാൻ സാധിക്കാതെ വരുകയും 24.12.2025 തീയതിയിൽ എസ്.സി 1-3502922-2025 കത്തോടൊപ്പം ഹാർഡ് കോപ്പിയായി വാർഷിക ധനകാര്യ പത്രിക പുന:സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സമയപരിധിക്കുള്ളിൽ വാർഷിക ധനകാര്യപത്രിക സമർപ്പിക്കാത്തതിന് വിശദീകരണം നല്കിയിട്ടില്ല.

**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.**

A). കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (2) (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B). കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (2) (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C). കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-3 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല.**

**1. ഷെഡ്യൂൾ B1-Panchayat Fund General.**

ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 8,37,54,752 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2025 ലെ Net Surplus Carried Over To The Balance Sheet ൽ തുകയൊന്നും കണക്കാക്കിയിട്ടില്ല.

**2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകം.**

2024-25 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകം ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities 1,93,24,189 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 2,82,57,175 രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ച് വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-4 ബാങ്ക് റീകൺസിലിയേഷൻ-അക്കൗണ്ടിൽ ക്രെഡിറ്റാകാത്ത തുകകൾ- അക്കൗണ്ടിംഗ് വിഭാഗം തുടർ നടപടി സ്വീകരിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഇടപാടുകൾ നടത്തുന്ന കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിന്റെ (A/C.No.40517101045888) 2024-25 വർഷത്തെ വർഷാന്ത്യ റികൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസും, പാസ്ബുക്ക് ബാലൻസും പൊരുത്തപ്പെടുത്തുന്നതിനായി Cheque Deposited But Not

Credited എന്നയിനത്തിൽ വിവിധ ചെക്കുകൾ പ്രകാരം ചേർത്തിട്ടുള്ള 2,75,837/-രൂപയിൽ 2,58,613/-രൂപയും, മണൽ വരവ് ഇടപാടുകൾ നടത്തുന്ന എസ്.ബി.ഐ A/C.No. 33460635238 (Sand) ന്റെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ മേൽ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 7000/-രൂപയും മാറിയെടുക്കാവുന്ന കാല പരിധി കഴിഞ്ഞ തുകകളാണ്. വർഷങ്ങൾ പഴക്കമുള്ള തുകകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ - 2011, ചട്ടം -22 പ്രകാരം നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ചെക്ക് നല്കിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പടെയുള്ള തുക തിരികെ ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയവ യഥാസമയം അക്കൗണ്ടുകളിൽ ക്രെഡിറ്റാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും, ഇക്കാര്യത്തിൽ തകരാറ് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം സെക്രട്ടറിയെ ധരിപ്പിക്കേണ്ട ചുമതലയും അക്കൗണ്ടന്റിനുണ്ട് (ചട്ടം 26 (3)). എന്നാൽ ബന്ധപ്പെട്ടവർ ഇത്തരത്തിൽ യഥാസമയം നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Credited എന്നയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാലപരിധി കഴിഞ്ഞ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത തുകകൾ ഏതിനത്തിലുള്ള വരവാണെന്ന് പരിശോധിച്ച്, ചെക്ക് നല്കിയവർക്ക് അറിയിപ്പ് നല്കി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാനും, പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനും നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

| | ബാങ്ക് അക്കൗണ്ട്.നം | ഇൻസ്ട്രുമെന്റ് നം | തിയതി | തുക |
|---|---|---|---|---|
| 1 | 40517101045888 കേരള ഗ്രാമീണ് ബാങ്ക് തനത് ഫണ്ട്. | 024499 | 23.08.2022 | 1,250 |
| | | 309093343634 | 31.3.2023 | 1,433 |
| | | 022335 | 19.02.2022 | 1250 |
| | | 7142359 | 16.08.2021 | 7500 |
| | | 022335 | 19.02.2022 | 2000 |
| | | 8738917 | 25.09.2021 | 38250 |
| | | 0569537 | 22.03.2022 | 49500 |
| | | 0569536 | 16.02.2021 | 49750 |
| | | 123456 | 12.02.2020 | 13750 |
| | | 123456 | 12.02.2020 | 46250 |
| | | 5452776 | 20.02.2021 | 7000 |
| | | - | 31.3.2023 | 30,000 |
| | | 7285694 | 28.05.2020 | 4680 |
| | | 021441 | 26.08.2021 | 3500 |
| | | 024499 | 23.08.2022 | 2500 |
| 2 | 33460635238 SBI- Sand | 5452771 | 04.02.2019 | 6250 |
| | | 5452772 | 11.02.2019 | 750 |
| | | | ആകെ | 2,65,613 |

ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി, ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുത്തിയതിന് വിശദീകരണം നല്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.27/തീ.29.01.2026).

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ

സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

**1-1-6 പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.ബാങ്ക് റീ കൺസിലിയേഷനിലെ അപാകങ്ങളും**

1). 311100101-ദുരിതാശ്വാസനിധി എന്ന ഹെഡിലെ ഷെഡ്യൂൾ B2 പ്രകാരമുള്ള നീക്കിയിരിപ്പ് 11,851 രൂപയാണ്. എന്നാൽ ദുരിതാശ്വാസ നിധി കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ (കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം.7368) 31.03.2025 ലെ നീക്കിയിരിപ്പ് 4,451 രൂപ മാത്രമാണ്.

2). 320100124-ഹരിയാലി എന്ന ഹെഡിലെ ഷെഡ്യൂൾ B4 പ്രകാരമുള്ള നീക്കിയിരിപ്പ് 58,915 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം.7587) 31.03.2025-ൽ നീക്കിയിരിപ്പ് ഇല്ല.

3). ഷെഡ്യൂൾ B4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടുകളുടെ നീക്കിയിരിപ്പ് യഥാക്രമം 88,92,499 രൂപയും 2,78,10,740 രൂപയുമാണ്. (ആകെ 3,67,03,239 രൂപ). എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ (കേരള ഗ്രാമീൺ ബാങ്ക്- 3009) 31.03.2025-ലെ നീക്കിയിരിപ്പ് 3,72,10,442 രൂപയാണ്. വ്യത്യാസം 5,07,203 രൂപ.

4). ഷെഡ്യൂൾ B4 പ്രകാരം ലൈഫ് പദ്ധതിക്കുള്ള സംസ്ഥാന വിഹിതത്തിന്റെ നീക്കിയിരിപ്പ് 10,31,530 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ (എസ്.ബി.ഐ- 1693) 31.03.2025 ലെ നീക്കിയിരിപ്പ് 18,702 രൂപ മാത്രമാണ്.

5). ILGMSൽ റീകൺസിലേഷൻ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.- കുമ്പള സർവ്വീസ് സഹകരണ ബാങ്ക് A/C.No. 001001020464 ന്റെ റീകൺസിലേഷൻ പത്രിക ILGMS- ൽ On Going എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്, Submitചെയ്ത് കാണുന്നില്ല. ഈ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പൂർത്തിയാക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**1-1-7 ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

**എ) ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

| | | |
|---|---|---|
| 320100182 | Total Sanitation Scheme | 84,574 |
| 320100198 | Grant From Suchitwa Mission | 65,84,738 |
| 320100101 | ARWSS | 6,89,676 |
| 320100145 | NPRPD | 7,80,000 |
| 320100148 | National Rural Drinking Water Programme | 94,293 |
| 320200304 | Grant For Solid Waste Management | 10,50,000 |
| 320200307 | Local Area Development Fund- MLA | 1,45,487 |
| 320300103 | Grants , Funds, Contributions For Specific Purposes-Total Sanitation | 1,04,733 |
| 320300199 | Grants , Funds, Contributions For Specific Purposes-Other Govt Agencies | 1,92,521 |

**ബി) B-9 ഷെഡ്യൂളിലെ ബാദ്ധ്യതാ തുകകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.**

| | | | |
|---|---|---|---|
| 350110102 | Employees | 1032095 | 2025 മാർച്ച് മാസത്തെ ഈ കണക്കിലെ |

| | | | |
|---|---|---|---|
| | Liabilities- Net Salary Payable | | അക്രൂവൽ ചെലവ് 3,66,807 രൂപയാണ്. (ജേണൽ വൗച്ചർ നം. 42401395/ 31.03.2025) ഈ ഹെഡിൽ ബാക്കിയുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350110103 | Employees Liabilitiesunpaid Salaries | 42,980 | 31.03.2022 ന് ILGMS ആരംഭത്തിൽ PDE എൻട്രി വഴി രേഖപ്പെടുത്തിയ തുകയാണ്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350110199 | Other Emplyee Liabilities Payable | 7,67,694 | ഈ ഹെഡിൽ 31.03.2022 ന് ILGMS ആരംഭത്തിൽ PDE എൻട്രി വഴി 7,82,969 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 15,275 രൂപ 31.03.2024 ലെ ജേണൽ വൗച്ചർ നം.42301347പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. (SALARY RECOVERIES OF JURUSAN എന്നാണ് നാരേഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. PDE വഴി രേഖപ്പടുത്തിയ തുകയുടേയും ജേണൽ വൗച്ചർ നം.42301347പ്രകാരം കുറവ് ചെയ്ത തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200199 | Recoveries Payable-Other Recoveries From Employess | 13,649 | ഈ ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടപാടുകളുടെ വിശദ വിവരങ്ങളും നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങളും പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. |
| 350200201 | Recoveries Payable-IT Deducted At Source | 2,07,883 | 05.07.2023 മുതൽ കണക്കു വച്ച തുകകൾ സർക്കാരിലേക്ക് ഒടുക്കാതെ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഈ തുകകൾ കേന്ദ്ര സർക്കാരിന് ഒടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് തിയതി വരെയും (29.1.2026) ഈ തുകകൾ ഒടുക്കിയിട്ടില്ല. |
| 350300103 | Government And Other Dues Payable - VAT | 170 | ഇത് 2021 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഈ തുക സർക്കാരിലേക്ക് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350300104 | Government And Other Dues Payable – Service Tax | 2,622 | ഇത് 2021 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഈ തുക സർക്കാരിലേക്ക് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350300111 | Government And Other Dues Payable - Flood Cess | 4,334 | 2021 വരെ പിരിച്ചെടുത്ത തുകയാണ് ഈ കണക്കിൽ ഉള്ളത്. നാളിതു വരെ ഈ തുക യഥാസ്ഥാനത്ത് ഒടുക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. |
| 350300112 | Government And Other Dues | 50,050 | കോർട്ട്ഫീ സ്റ്റാമ്പ് വിൽപ്പന വരവ് നാളിതു വരെ സർക്കാരിലേക്ക് അടച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | Payable -Value Of Court Fee Stamp | | |
| 350300199 | Government And Other Dues Payable -Others | 1,530 | GFLPS TREE AUCTIONED AMOUNT എന്ന നാരേഷനോടു കൂടി 13.10.2023 ലെ 1230105176 നമ്പർ രശീതി വൗച്ചർ മുഖേന രേഖപ്പെടുത്തിയ തുകയാണ് ഇത്. ഈ തുക ബാധ്യതാ കണക്കിൽ പെടുത്തിയത് എന്തു കൊണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 350400501 | Refunds Payable – Grants And Funds | 1,08,669 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350409901 | Refunds Payable – Others | 19,200 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350800101 | Liability In Respect Of Stale Cheques | 2,63,045 | 31.03.2022 ലെ ഈ കണക്കിലെ നീക്കിയിരിപ്പ് 1,17,921 രൂപയാണ്. തുടർന്ന് 2023-24 വർഷം 78,142 രൂപയുടെ ചെക്കുകൾ ഈ കണക്കിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ചെക്ക പോലും ഈ കണക്കിൽ നിന്നും 2023-24 വർഷം റീ ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല. 2024-25 വർഷം 80,495രൂപയുടെ ചെക്കുകൾ ഈ കണക്കിൽ പെടുത്തിയിട്ടുണ്ട്. 14,053 രൂപയുടെ ചെക്ക് കണക്കിൽ നിന്നും ഓഡിറ്റ് വർഷം റീ ഇഷ്യൂ ചെയ്തതിട്ടുണ്ട്. നീക്കിയിരിപ്പുള്ള 2,63,045 രൂപയുടെ ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350800199 | Other Creditors | 34,291 | ഈ തുക 2021 മുതലുള്ള ക്യാരി ഓവർ തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

**1-1-8 ഷെഡ്യൂൾ B15 ലെ അപാകതകൾ**

ഷെഡ്യൂൾ B15- 431409902-Other Receivables (Arrear) എന്ന കണക്കിൽ 31.03.2025 ൽ 10,000 രൂപ നീക്കിയിരിപ്പുണ്ട്. ലെഡ്ജർ പരിശോധനയിൽ ഈ തുക 31.03.2024 ലെ ജേണൽ വൗച്ചർ നം.42301253 മുഖേന BENEFICIERY CONTRIBUTION PAYMENT REFUND എന്ന നരേഷനോടു കൂടി രേഖപ്പെടുത്തിയ തുകയാണെന്ന് കാണുന്നു. ILGMS ൽ ഈ വൗച്ചറിന് അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-9 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല.**

31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KRDFC എന്ന ഹെഡിലെ നീക്കിയിരിപ്പ് 1,89,52,738 രൂപയാണ്. എന്നാൽ തത്തുല്യമാവേണ്ടിയിരുന്ന 440500101-Prepaid Programme Expenses എന്ന ഹെഡിലെ നീക്കിയിരിപ്പ് 1,92,02,738 രൂപയാണ്. 2,50,000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-10 ലൈഫ് വായ്പാ രജിസ്റ്റർ അപൂർണ്ണം**

ലൈഫ് പദ്ധതി വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സൂക്ഷിക്കുന്ന വായ്പാ തുകയും, സ്റ്റേറ്റ് ഷെയറും ഇടകലർത്തി രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. വായ്പാ തിരിച്ചടവ് ഉൾപ്പെടുത്തി വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വായ്പാകണക്ക് വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വായ്പാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കാണ്. കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വായ്പാ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-11 ഡെപ്പോസിറ്റ് വിവരങ്ങളിലെ അപാകത.**

1) 31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 1,04,86,189 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

2) ഷെഡ്യൂൾ B7 ലെ 340100202, 340100203, 340100303, 340100401, 340200101, 340200102, 340200106, 340800101 എന്നീ ഹെഡുകളിൽ മുൻവർഷങ്ങളിലെ തുകകൾ ക്യാരി ഓവർ ചെയ്തിരിക്കുകയാണ്. ഈ തുകകളിൽ ലാപ്സായ തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3) 340200199-Other Deposits എന്ന കണക്കിൽ ബാങ്ക് അക്കൗണ്ടുകളിൽ വരവ് വന്ന ചില തുകകൾ UNKNOWN AMOUNT CREDITED ON... എന്ന നരേഷനോടു കൂടി വരവു രേഖപ്പെടുത്തിയിരിക്കുന്നു. ഈ രീതി തെറ്റാണ്. പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ വരവു വരുന്ന തുകകൾ അതാത് സമയം തന്നെ ശരിയായ വരവു ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-12 ജേണൽ വൗച്ചറുകൾക്ക് ആധാരമാക്കിയ Source Documents പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

എ) 2024-25 വർഷം പെൻഷൻ തുകകൾ ജേണൽ വഴി രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ റവന്യൂ ഗ്രാന്റ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവ രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. (പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

ഡി) 2024-25 വർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-13 അഡ്വാൻസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

എ) ഷെഡ്യൂൾ B18 പ്രകാരം 31.03.2025 ന് 53,11,872 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

എന്നാൽ സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ നീക്കിയിരിപ്പുള്ള അഡ്വാൻസുകളുടെ വിവരങ്ങൾ (തുക, അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം/വ്യക്തി, ഉദ്ദേശം) പരിശോധിക്കാനായിട്ടില്ല.

ബി) ഷെഡ്യൂൾ B-18 പ്രകാരമുള്ള ചുവടെ ചേർത്ത അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 460100102 | Permanent Advance | 70,000 | ഈ തുകകൾ 2021 മുതലുള്ള ക്യാരി ഓവർ തുകകളാണ്. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്റർ പഞ്ചായത്തിൽ എഴുതിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. ഈ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 460100103 | Temporary Advance For Official Purpose | 2,188 | |
| 460100105 | Tour TA Advance | 6,034 | |
| 460400101 | Advance To Suppliers | 1,00,000 | |
| 460500101 | Advance To BC Conveners | 3,98,228 | |
| 460500202 | Deposit With KSEB | 8,36,747 | |
| 460400102 | Advance To Suppliers- Hire Purchase Assets | 50,000 | 23.02.2024 ലെ ജേണൽ വൗച്ചർ 42300603 മുഖേന Purchais Of Chair At Conference Hall എന്ന നരേഷനോടു കൂടി രേഖപ്പെടുത്തിയ തുകയാണ് ഇത്. കസേര വാങ്ങിയ ചെലവ് ഇത്തരത്തിൽ അഡ്വാൻസ് കണക്കിൽ രേഖപ്പെടുത്തിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. |
| 460500501 | Advance To Implimenting Officers | 13,02,646 | ഈ ഹെഡിൽ മുന്നിരിപ്പുള്ള 12,02,346 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ ഹെഡിൽ 2024-25വർഷം 50,000 രൂപ മുൻകൂർ നല്കുകയും 1,50,300 രൂപയുടെ മുൻകൂർ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ ഈ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. |
| 460509901 | Advances To Others | 2,52,048 | എ) ഈ ഹെഡിൽ മുന്നിരിപ്പുള്ള 2,38,048 രൂപയുടെയും നീക്കിയിരിപ്പുള്ള 2,52,048 രൂപയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |

**1-1-14 ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ബാലൻസ്ഷീറ്റ് B-9ഷെഡ്യൂൾ - ലയബിലിറ്റി ഇൻറെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക് ഇനത്തിൽ 2,63,045 രൂപ "350800101" എന്ന ഹെഡ്ഡിൽ നിലനിൽക്കുന്നു. "കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച് 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം, 44, 46 എന്നിവ പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഈ ഇനത്തിൽ നിലനിൽക്കുന്ന 117921/- രൂപയുടെ കൃത്യത പരിശോധിച്ച് ആയതിന്റെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക ആർക്കു നൽകി) ലഭ്യമാക്കിയിട്ടില്ല.

## 1-1-15 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട്- 1825 ൽ 31.03.2025 ന് നീക്കിയിരിപ്പ് ഇല്ല. ഈ അക്കൗണ്ടിൽ നിന്ന് 2022-23 വർഷാവസാനം 2,34,741 രൂപ സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. ഈ തുക തിരികെ ലഭിച്ചാൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് 2,34,741 രൂപയാവും. എന്നാൽ 31.03.2025 ലെ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച കോൺട്രിബ്യൂഷനുകളിൽ നീക്കിയിരിപ്പുള്ളത് ചുവടെ ചേർത്ത പ്രകാരം 37,19,026 രൂപയാണ്. ബാക്കി 34,84,285 രൂപ ഏത് അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്.

| | | |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 21,53,601 |
| 320700105 | Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 10,00,000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 1,41,425 |
| 320700304 | Contributions For Other Specific Purpose (For Capital Expenditure) - From Block Panchayats | 3,80,000 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 44,000 |
| | Total | 37,19,026 |

## 1-1-16 പഞ്ചായത്ത് കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നമ്പർ | തൻവർഷ വരവ് | വർഷാന്ത്യനീക്കിയിരിപ്പ് |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ, A/C.No.687 30100020310 (വാതിൽ പടി സേവനം) | 3680/- | 3680 |
| 40517100004592-KGB | - | - |

മേൽ പരാമർശിച്ചതിൽ കേരള ഗ്രാമീണ ബാങ്ക് അക്കൗണ്ട് ഏത് ആവശ്യവുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. മേൽ അക്കൗണ്ടുകൾ വാർഷിക കണക്കിൽ നിന്നും ഒഴിവായിപ്പോകുവാൻ ഉണ്ടായ കാരണം വ്യക്തമാക്കേണ്ടതും മേൽ പട്ടിക പ്രകാരം ഇടപാടുകൾ നടത്തുന്ന അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഇടപാടുകൾ നടത്താത്തവ സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ഒഴിവാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-17 വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ

1). വസ്തു നികുതിയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ സാക്ഷ്യപ്പെടുത്തിയ DCB പത്രിക ഹാജരാക്കിയിട്ടില്ല.

2). തൊഴിൽ നികുതി (എംപ്ലോയീസ്) രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന പിരിവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3). തൊഴിൽ നികുതി (ട്രേഡേഴ്സ്, പ്രൊഫഷണൽസ്) രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരുമാനം, പിരിവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

4). വാടക രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വരുമാനം, പിരിവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5). കെട്ടിട അപേക്ഷാ രജിസ്റ്റർ പൂർത്തീകരിച്ച് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന വിവരങ്ങളും കെട്ടിട അപേക്ഷാ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തിക്കാണുന്നു. ആയതിനാൽ പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

6). വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2025 മാർച്ച് 31 ന് മാത്രമാണ്.

**1-1-18 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം- വരവ് ചെലവുകൾ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.**

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി തൻവർഷം 7,50,000 രൂപ (30,000 രൂപ വീതം 25 ഗുണഭോക്താക്കൾക്ക്) ചെലവഴിച്ചിട്ടുണ്ട്. (6,90,000 രൂപ-BRN 242002520000901076548/ തിയതി.26.12.2024 + 60,000 രൂപ-BRN 242002520000901609599/തിയതി 20.03.2025) എന്നാൽ ഈ വരവു ചെലവുകൾ ILGMS ൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

**1-1-19 പ്രതിമാസ കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് അടുത്ത മാസം 10 ാം തിയതിക്കു മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

**1-1-20 ഡെപ്രിസിയേഷൻ കണക്കാക്കിയതിൽ അപാകം**

2024-25 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | തീരുമാനം നം.1/1 തിയതി ;16.02.2024 | തീരുമാനം നം.2/1 തിയതി 25.03.2025 |
| മുന്നിരിപ്പ് | 10779182 | 5337454 |
| വരവ് | 292592395 | 390267715 |
| ആകെ | 303371577 | 395605169 |
| ചെലവ് | 298144890 | 392054529 |
| നീക്കിയിരിപ്പ് | 5226687 | 3550640 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2024-25 |
|---|---|
| മുന്നിരിപ്പ് | 3,77,62,696.64 |
| വരവ് | 15,54,04,650 |
| ആകെ | 19,31,67,346.64 |
| ചെലവ് | 12,71,47,475 |
| നീക്കിയിരിപ്പ് | 6,60,19,871.64 |
| വരവിനങ്ങളിലുള്ള നഷ്ടം | 2780 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,41,25,796 |
| ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |

## 1-4 ഫണ്ടുകളുടെ വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 5,26,03,000 | 5,26,03,000 | 5,15,61,212 | - | 10,41,788 |
| വികസനഫണ്ട് എസ്.സി.എസ്.പി. | | 0 | 63.64.000 | 63.64.000 | 62,44,228 | - | 1.19.772 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 7,41,000 | 7,41,000 | 4,41,000 | - | 3,00,000 |
| CFC ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 50,08,974 | 95,24,042(പലിശ ഉൾപ്പെടെ) | 1,45,33,016 | 56,40,517 | 88,92,499 | |
| | ട്രഷറി | 0 | 5,61,613 | 5,61,613 | 2,86,301 | - | 2,75,312 |
| CFC ഗ്രാന്റ്(tied ) | ബാങ്ക് | 1,35,37,304 | 1,90,82,000 | 3,26,19,304 | 48,08,564 | 2,78,10,740 | |
| | ട്രഷറി | 0 | 60,23,673 | 60,23,673 | 10,84,324 | - | 49,39,349 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | | 0 | 3,09,84,000 | 3,09,84,000 | 1,85,88,024 | - | 1,23,95,976 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | | 0 | 1,65,78,000 | 1,65,78,000 | 1,58,54,697 | - | 7,23,303 |
| **സംയുക്ത പദ്ധതി** | | | | | | | |
| ബ്ലോക്ക്പഞ്ചായത്ത് | | 25,77,601 | 50,08,505 | 75,86,106 | 50,08,505 | 25,77,601 | - |
| ജില്ലാ പഞ്ചായത്ത് | | 11,41,425 | 2,80,000 | 14,21,425 | 2,80,000 | 11,41,425 | - |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 8,675 | 24601285 | 24609960 | 24609960 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 83,88,642 | 51,71,514 | 1,35,60,156 | 14,82,689 | 1,20,77,467 | - |
| ടോട്ടൽ സാനിറ്റേഷൻ | 84,574 | 0 | 84,574 | 0 | 84,574 | |
| NHM | 4,50,000 | 0 | 4,50,000 | 1,83,619 | 2,66,381 | |
| NPRPD | 7,80,000 | 0 | 7,80,000 | 0 | 7,80,000 | |
| ARWSS | 6,89,676 | 0 | 6,89,676 | 0 | 6,89,676 | |
| IWDP- ഹരിയാലി | 58,915 | 0 | 58,915 | 0 | 58,915 | |
| National Rural Drinking Water Programme | 94,293 | 0 | 94,293 | 0 | 94,293 | |
| സ്വച്ച് ഭാരത് മിഷൻ | 0 | 5,64,000 | 5,64,000 | 5,64,000 | 0 | - |
| 320100202 ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure | 15,05,813 | 5,97,153 | 21,02,966 | 4,57,095 | 16,45,871 | |
| 320100203 ഹെൽത്ത് ഗ്രാന്റ്- | 0 | 0 | 0 | 0 | 0 | |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 15,94,946 | 42,00,000 | 57,94,946 | 47,63,416 | 10,31,530 | |
| ശുചിത്വ മിഷൻ | 65,84,738 | 0 | 65,84,738 | 0 | 65,84,738 | - |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 1,04,733 | 0 | 1,04,733 | 0 | 1,04,733 | - |
| Grant For Solid Waste Management(320200304) | 10,50,000 | 0 | 10,50,000 | 0 | 10,50,000 | - |
| എം.എൽ.എ ഫണ്ട് (320200307) | 1,45,487 | 0 | 1,45,487 | 0 | 1,45,487 | - |
| 320300199- മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഫണ്ട് | 1,92,521 | 0 | 1,92,521 | 0 | 1,92,521 | |

കുറിപ്പ് :

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 45,35,608/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,97,886/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

4) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 3,24,96,236 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൽ നിന്നും 30.03.2025 ന് 3,31,80,945 രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

5) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവും വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുകകളും അടക്കമാണ് മേൽ കണക്കിൽ പെടുത്തിയിട്ടുള്ളത്.

6) ഫണ്ടുകളുടെ വിനിയോഗം-

വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിലെ ചെലവ് 98.02 ശതമാനമാണ്. എസ്.സി.പി യിലും ടി.എസ്.പിയിലും ചെലവ് യഥാക്രമം 98.12%, 59.51% എന്നിങ്ങനെയാണ്. വികസന ഫണ്ട് ടി.എസ്.പി വിഭാഗം ഫണ്ടിന്റെ വിനിയോഗത്തിൽ 80% ചെലവ് ആർജ്ജിക്കാനാവാത്തത് വീഴ്ചയാണ്. റോഡ്

മെയിന്റനൻസ് ഫണ്ടിലെ ചെലവ് 95.64 ശതമാനമാണ്. നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 59.99 % മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഈ ഫണ്ടിൽ നിന്നും 1,23,95,976 രൂപ പഞ്ചായത്ത് വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി. ഈ വിഷയം പഞ്ചായത്ത് ഗൗരവകരമായി ചർച്ച ചെയ്ത് തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 373 | 294773572 | 246 | 149754473 | 22 | 127 | 60.05 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 67 | 56660248 | 35 | 22233896 | 39.24 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 26 | 10363940 | 19 | 5348215 | 51.60 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 186 | 104036077 | 105 | 47745460 | 45.89 |
| 4 | കൃഷി ഓഫീസർ | 7 | 11637762 | 7 | 7603178 | 65.33 |
| 5 | വെറ്റിനറി സർജ്ജൻ | 8 | 5182020 | 8 | 2914525 | 56.24 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 71063900 | 23 | 35890506 | 50.50 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 13518216 | 8 | 12204943 | 90.29 |
| 8 | പ്രധാനധ്യാപകൻ | 9 | 4538000 | 7 | 4216687 | 92.92 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി /എഫ്.എച്ച്.സി | 22 | 8212338 | 20 | 5050660 | 61.50 |
| 11 | മെഡിക്കൽ ഓഫീസർ യുനാനി | 4 | 4764088 | 4 | 4473786 | 93.91 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 400000 | 1 | 400000 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 8 | 3696983 | 8 | 972617 | 26.31 |
| | ആകെ | 373 | 294773572 | 246 | 149754473 | 50.80 |

ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ട് (ജനറൽ) സ്രോതസ്സിൽ നിന്നും ഈടാക്കിയ 2739808 രൂപയും അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 1795800 രൂപയും, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് എസ്.സി.പി വിഹിതം സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ 297886 രൂപയും, (ആകെ 4833494/-രൂപ) സുലേഖ ചെലവ് പത്രികയിൽ ജി.ഒ പ്രൊജക്ട് ആയി ചെലവിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അടങ്കലിൽ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത തുക മേൽ പട്ടികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി കണക്ക് അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 8675 | 583124 | 591799 | 591799 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 24018161 | 24018161 | 24018161 | 0 |
| **ആകെ** | 8675 | **24601285** | **24609960** | **24609960** | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം 2672 പദ്ധതികളുൾപ്പെടുന്ന 563613825/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 154 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 63189 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 378 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 628800 | 36 |
| വിധവാപെൻഷൻ | 33199500 | 2178 |
| വാർദ്ധക്യകാലപെൻഷൻ | 40941300 | 2691 |
| വികലാംഗപെൻഷൻ | 10751200 | 678 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 326400 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 750000 | 25 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2026, 02:30.Pm ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3207/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

ജീവനക്കാരുടെ ഇടയിൽ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചത് ഹാജരാക്കിയിട്ടില്ല. സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 15 തവണ ഓഫീസ് യോഗം ചേർന്നിട്ടുണ്ട്.

നിശ്ചിത സമയ പരിധിക്കുള്ളിൽ വാർഷിക ധനകാര്യപത്രിക സമർപ്പിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിരുന്നില്ല. 24.10.2025 നാണ് വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിച്ചത് . ആയത് അപാകതയുള്ളതിനാൽ റിജക്റ്റ് ചെയ്തിരുന്നു. പിന്നീട് AIMS ൽ സമർപ്പിക്കുവാൻ സാധിക്കാതെ വരികയും

മാന്വലായി 24-12-2025 ന് വീണ്ടും സമർപ്പിക്കുകയുമുണ്ടായി കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് അക്കൗണ്ടിംഗ് രേഖകൾ തയ്യാറാക്കുന്നതിൽ അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. ധനാപഹരണത്തിന്റെ പേരിൽ സസ്പെൻഷനിൽ ആയിരുന്ന മുൻ അക്കൗണ്ടന്റ് ശ്രീ.രമേശ്.എം നെ സർവീസിൽ തിരികെ എടുക്കുകയുണ്ടായെങ്കിലും ടിയാൾക്കെതിരെയുള്ള വകുപ്പ് തല അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടില്ല. ഈ വിഷയത്തിലെ തുടർ നടപടികൾ ഭരണ സമിതി തലത്തിൽ നിരീക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തദനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/ പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും. വസ്തു നികുതി, വാടക എന്നീയിനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു. ആയത് പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് കാലികമാക്കേണ്ടതുമാണ്. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതു പോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. കൂടാതെ ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

കുമ്പള ഗ്രാമപഞ്ചായത്തിന്റെ 1989-90 മുതൽക്കുള്ള വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-10 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നു- പലിശയിനത്തിൽ വരുമാന നഷ്ടം**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർഇവി2 പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്- കൊമേഴ്ഷ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം എന്നും ഗ്രാമ പഞ്ചായത്തുകൾ എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക റീകൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും ടി അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു

കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67185715840) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക B15, RP-40(b) എന്നിവ പരിശോധിച്ചതിൽ 31.3.2025 ന് 60,32,981 രൂപ നീക്കിയിരിപ്പുണ്ട്. വർഷാരംഭത്തിൽ ഈ അക്കൗണ്ടിൽ 34,01,977 രൂപയും നീക്കിയിരിപ്പുണ്ട്. ഗ്രാമ പഞ്ചായത്ത് സൗത്ത് ഇന്ത്യൻ ബാങ്കിൽ യു.പി.എ ഇടപാടുകൾക്കായി ആരംഭിച്ച മറ്റൊരു കറന്റ് അക്കൗണ്ടിൽ(അക്കൗണ്ട് നമ്പർ-0819073000000143) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക B15, RP40(b), പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 31.3.2025 ന് 51,64,032/- രൂപ നീക്കിയിരിപ്പുണ്ട്. വർഷാരംഭത്തിൽ ഈ അക്കൗണ്ടിൽ 24,76,308/- രൂപ നീക്കിയിപ്പുണ്ട്. മേൽപ്പറഞ്ഞ അക്കൗണ്ടിൽ വർഷാവസാനത്തിൽ വലിയ തുക നീക്കിയിരിപ്പായി സൂക്ഷിക്കുന്നത് മൂലം പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. നാളിതുവരെ ആയത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള തനതു ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പലിശ രഹിത അക്കൗണ്ടിൽ തുക നിലനിർത്തിയതിന്റെ കാരണവും വിശദീകരിക്കപ്പെട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.23/തീ.29.01.2026).

## 1-11 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിക്കാതെയുള്ള അക്കൗണ്ടിംഗ് രീതി അവലംബിച്ചു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം സെക്രട്ടറി പ്രതിദിനം, മാസാവസാനം, അർദ്ധവർഷാവസാനം, വർഷാവസാനം എന്നീ സമയങ്ങളിൽ നടപ്പിലാക്കേണ്ടുന്ന നടപടികൾ വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഈ നടപടികൾ കൃത്യമായി പാലിച്ചിട്ടില്ല.

**പ്രതിദിനം നടത്തേണ്ടുന്ന നടപടികൾ നടത്തിയില്ല.**

ക്യാഷ് ബുക്കും ബാങ്ക് ബുക്കും പ്രതിദിനം ക്ലോസ് ചെയ്യുകയും ലെഡ്ജർ അക്കൗണ്ടുകൾ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക് തുടങ്ങിയ പ്രാഥമിക അക്കൗണ്ട് രേഖകളുമായി സെക്രട്ടറി ഒത്തു നോക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ 2024-25 സാമ്പത്തിക വർഷത്തിൽ കൃത്യമായി പാലിച്ചിട്ടില്ല. 01.04.2024 മുതൽ 25.07.2024 വരെ പഞ്ചായത്തിൽ ചെലവുകളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ചെക്കുകൾ എഴുതി പേമെന്റുകൾ നടത്തിയിരുന്നുവെങ്കിലും പേമെന്റ് ഓർഡർ തയ്യാറാക്കിയതും പേമെന്റ് വൗച്ചർ ജനറേറ്റ് ചെയ്തതും 26.07.2024 മുതൽ മാത്രമാണ്. തുടർന്ന് ചെലവുകൾ തുടർച്ചയായി നടത്തിയെങ്കിലും 30.7.2024, 31.7.2024, 1.8.2024, 2.8.2024, 5.8.2024, 9.8.2024, 12.8.2024, 29.8.2024, 4.9.2024, 10.9.2024, 26.9.2024, 13.10.2024, 31.3.2025 എന്നീ തിയതികളിൽ മാത്രമേ ചെലവുകൾക്ക് പേമെന്റ് വൗച്ചറുകൾ തയ്യാറാക്കി അക്കൗണ്ട് ചെയ്തതായി കാണുന്നുള്ളൂ. അതു പോലെത്തന്നെ അക്രൂവൽ ചെയ്യേണ്ട ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലും വലിയ വീഴ്ചകൾ വരുത്തിയിട്ടുള്ളതായി കാണുന്നു. ILGMS ലെ പേമെന്റ് ഫയലുകളിലും വൗച്ചറുകളിലും ഒരു രേഖകളും അറ്റാച്ച് ചെയ്തിട്ടില്ല. നോട്ട് ഫയലുകളിലും കേവലം ടെംപ്ലേറ്റുകൾ അല്ലാതെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാന്വൽ ആയും ഫയലുകൾ പൂർണമായി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്കും ബാങ്ക് ബുക്കുകളും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ചെലവുകൾ അക്രൂ ചെയ്യുന്നതിലും അക്കൗണ്ട് ചെയ്യുന്നതിലും വന്ന കാലതാമസം തന്നെ പ്രതിദിനം നടത്തേണ്ട നടപടികൾ യഥാവിധി സ്വീകരിക്കാത്തതിന് തെളിവാണ്.

**മാസാവസാനം നടത്തേണ്ടുന്ന നടപടികൾ നടത്തിയില്ല.**

സർക്കാരിന് ചെല്ലേണ്ടുന്ന തുകകൾ അടക്കേണ്ടത് പ്രതിമാസം നടത്തേണ്ട കാര്യമാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-9 പ്രകാരം വിവിധ ഹെഡുകളിൽ ഭീമമായ തുകകൾ സർക്കാരിലേക്ക് അടക്കാതെ വർഷങ്ങളായി ക്യാരി ഓവർ ചെയ്ത് വരുന്നതായി കാണുന്നു. ഇതിനു പുറമെ, കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അടക്കേണ്ട തുകകളും വർഷങ്ങളായി അടക്കാതെ ക്യാരി ഓവർ ചെയ്ത് വരുന്നതായി

ഷെഡ്യൂൾ B-9, അനുബന്ധ ലെഡ്ജറുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം റിക്കവർ ചെയ്യുന്ന തുകകളും പെൻഷൻ അംശാദായങ്ങളും അതാത് സ്ഥാപനങ്ങളിൽ അടക്കുന്നതിൽ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായും കാണുന്നു.

**അർദ്ധവർഷാവസാനം നടത്തേണ്ടുന്ന നടപടികൾ നടത്തിയില്ല.**

ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, കിട്ടാനുള്ളവയും വരുമാനവും തുടങ്ങിയവ അനുബന്ധ രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുക എന്നത് അർദ്ധവർഷാവസാനം നടത്തേണ്ടുന്ന പ്രക്രിയയാണ്. എന്നാൽ ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, കിട്ടാനുള്ളവയും വരുമാനവും ഇത്തരത്തിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 1,04,86,189 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. 31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 53,11,872രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ, അഡ്വാൻസ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

ലഭിച്ച നിശ്ചിത ഗ്രാന്റുകൾ ഗ്രാന്റ് വരുമാനത്തിലേക്കും അംശദായത്തിലേക്കും ആ കാലയളവിലെ വിനിയോഗം അനുസരിച്ച് മാറ്റുക എന്ന അർദ്ധവർഷാവസാനം നടത്തേണ്ട പ്രക്രിയ കൃത്യമായി നടത്താത്തതിനാൽ ധനകാര്യ കമ്മീഷൻ ഫണ്ട് (ബേസിക് ഗ്രാന്റ്), വികസന ഫണ്ട്- ജനറൽ എന്നീ ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്ന കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്.

കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് റിക്കാർഡുകളും രേഖകളുമായി പൊരുത്തപ്പെടുത്തുക എന്നത് അർദ്ധവർഷാവസാനം നടത്തേണ്ടുന്ന പ്രക്രിയയാണ്. എന്നാൽ ഈ നടപടി സ്വീകരിക്കാത്തതിനാൽ ചില പൊതു മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ടെങ്കിലും 412010101-Capital Work In Progress എന്ന ഹെഡിൽ നീക്കിയിരിപ്പില്ല.

**വർഷാന്ത്യ നടപടികൾ സ്വീകരിക്കാത്തതു മൂലമുള്ള അപാകതകൾ**

സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. ആസ്തികളുടെ കാലികമായ ഡാറ്റാബേസ് പഞ്ചായത്തിൽ ലഭ്യമല്ല.

വർഷാന്ത്യത്തിൽ എല്ലാതരത്തിലുള്ള മുൻകൂറുകളും സ്ഥിരീകരിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ സ്ഥിരീകരണം നടത്താനുതകുന്ന രീതിയിൽ മുൻകൂറുകളുടെ കണക്കും വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ഈ നടപടി പഞ്ചായത്ത് നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

സ്പെഷ്യൽ ഫണ്ട് (യൂട്ടിലൈസ്ഡ്) അക്കൗണ്ടിലേക്ക് മാറ്റി ഫണ്ടുകളുടെ വിനിയോഗം രേഖപ്പെടുത്തേണ്ടത് വർഷാന്ത്യത്തിലാണ്. എന്നാൽ വിവിധ ഫണ്ടുകളുടെ വിനിയോഗം ഇത്തരത്തിൽ രേഖപ്പെടുത്തിയതിൽ അപാകം സംഭവിച്ചിട്ടുണ്ട്.

മേൽ വിവരിച്ച അപാകതകൾക്ക് കാരണം വിശദീകരിക്കപ്പെട്ടില്ല.

**1-12 റഗുലറൈസേഷൻ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിച്ചില്ല.**

ഡോ.അലികൽമട്ട പെരോൾ & മുഹമ്മദ് സാഹീർ എന്നിവർ കൂടി കുമ്പള ഗ്രാമ പഞ്ചായത്തിലെ കോയിപ്പാടി വില്ലേജിൽപ്പെട്ട 322/4, 322/4-2 എന്നീ സർവ്വെ നമ്പറിലുള്ള 37.02 ആർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന ഹോസ്പിറ്റൽ കെട്ടിടത്തോട് കൂട്ടിച്ചേർത്ത അധിക നിർമ്മാണം റഗുലറൈസേഷൻ ചെയ്യുന്നതിന് 10.3.2023-ന് അപേക്ഷ നല്കിയിരുന്നു.(ഫയൽ നം.401099/BPMH03/GPO/2023/3443(2).

വിശദവിവരം താഴെ കൊടുക്കുന്നു,

| കെട്ടിടത്തിന്റെ തരം- ഹോസ്പിറ്റൽ | | |
|---|---|---|
| FLOOR | Builtup Area | Floor Area |
| Ground Floor- Existing Hospital Building | 584.04 M2 | 526.04 M2 |
| Ground Floor- Existing Staff Quatters | 236.46 M2 | 236.46 M2 |
| Ground Floor- Existing Medical Store | 44.38 M2 | 44.38 M2 |
| First Floor -Existing Hospital Building | 651.42 M2 | 586.42 M2 |
| First Floor - Existing Staff Quatters | 236.46 M2 | 236.46 M2 |
| Second Floor Existing Hospital Building | 651.42 M2 | 586.42 M2 |
| Terrace Existing Hospital Building | 13.80 M2 | 13.80 M2 |
| **Total** | **2417.98 M2** | **2229.98 M2** |
| **PROPOSED HOSPITAL BUILDING** | | |
| Ground Floor- | 698.56 M2 | 558.74M2 |
| First Floor - | 475.55 M2 | 464.25M2 |
| Second Floor | 471.09 M2 | 455.04M2 |
| Third Floor | 461.64 M2 | 446.5M2 |
| Terrace Existing Hospital Building | 135.27 M2 | 123.77M2 |
| **Total** | **2242.11 M2** | **2048.30 M2** |

മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ വിവരിക്കുന്ന അപാകതകൾ കാണുകയുണ്ടായി,

**1).** കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം, Appendix M -ൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി, നിശ്ചിത അപേക്ഷാ ഫീസ് നൽകിക്കൊണ്ട് Appendix N ഫോമിൽ, ചീഫ് ടൗൺ പ്ലാനറുടെ സാങ്കേതിക ശിപാർശ സഹിതം അപേക്ഷ ലഭിച്ചാൽ Appendix M പ്രകാരമുള്ള നിശ്ചിത Exemption Fee ഈടാക്കിക്കൊണ്ട് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചില ചട്ടങ്ങളിൽ നിശ്ചിത ശതമാനം വരെ ഇളവ് അനുവദിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഇതു പ്രകാരം 11.1.2023 ന് 20,000 രൂപ ( ചലാൻനംKL025661982202223M) ഫീ അടവാക്കിക്കൊണ്ട് മേൽ കെട്ടിട ഉടമസ്ഥർ സർക്കാരിന് അപേക്ഷ നല്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനു ശേഷം ചീഫ് ടൗൺപ്ലാനറുടെ 21.07.2023, 11.12.2023, 20.04.2024 എന്നീ തീയതികളിലെ LSGD/PD/39904/2023-TCPA2 നമ്പർ കത്തുകൾ പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഹോസ്പിറ്റൽ കെട്ടിടത്തോട് കൂട്ടിച്ചേർത്ത് അധിക നിർമ്മാണം നടത്തിയതിൽ, Minimum Side Yard -ലുള്ള 14% കുറവിന് KPBR, 2019 ചട്ടം 3 (5) പ്രകാരം നിബന്ധനകളോടെ ഇളവ് അനുവദിച്ച് 18.6.2024- ലെ G.O.(Rt) No.1057/2024/LSGD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിൽ പ്രധാനമായും നാല് നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ആയവ,

A. കേരള പഞ്ചായത്ത് രാജ് ആക്ട് 220(b) സെക്ഷൻ ലംഘനം ഉൾപ്പെടെ പ്ലോട്ടിലും കെട്ടിടത്തിലും നിലവിലുള്ള എല്ലാ അനധികൃത നിർമ്മാണങ്ങളും നീക്കം ചെയ്യേണ്ടതാണ്.

B. കെട്ടിടം ക്രമവൽക്കരിക്കുന്നതിന് മുൻപായി സർക്കാരിൽ നിന്നും ഇളവ് അനുവദിക്കപ്പെട്ട ചട്ടം 26-ലെ Minimum Side Yard Distance ഒഴികെ കെ.പി.ബി.ആർ, 2019 ലെ മറ്റ് എല്ലാ ചട്ടങ്ങളും പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

C. KPBR ചട്ടം 3 (5) പ്രകാരം പെർമിറ്റ് ഫീസിന്റെ 25 തവണ Exemption Fee ഒടുക്കേണ്ടതാണ്.

D. KPBR -2019 പ്രകാരം കെട്ടിടനമ്പർ ലഭ്യമാക്കുന്നതിന് മുൻപ് Fire NOC നേടിയിരിക്കണം.

ഫയൽ പരിശോധിച്ചപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ പഞ്ചായത്ത് ഓഡിറ്റ് വർഷം നടത്തിയതായി കാണുന്നില്ല. മേൽ കെട്ടിട അപേക്ഷകർ 18.6.2024- ലെ G.O.(Rt) No.1057/2024/LSGD ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള നാല് നിബന്ധനകളും പാലിച്ച് രേഖാമൂലം കത്ത് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

**2).** 2242.11 M2 കെട്ടിടം ക്രമവത്കരിക്കാൻ 10.3.2023-ന് നല്കിയ അപേക്ഷ സങ്കേതം വഴിയാണ് പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളത്. കെ.പി.ബി.ആർ, 2019 ലെ എല്ലാ ചട്ടങ്ങളും പാലിക്കുന്ന പക്ഷം 44,842.2 രൂപ (അപേക്ഷ കാലയളവിലെ പെർമ്മിറ്റ് ഫീയുടെ ഇരട്ടി) ഫീസ് അടവാക്കി മേൽ കെട്ടിടം ക്രമവത്കരിക്കുകയോ, അപാകത ഉണ്ടെങ്കിൽ അപേക്ഷകരെ രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതായിരുന്നു. ഈ നടപടികളൊന്നും ഇവിടെ പാലിച്ചതായി കാണുന്നില്ല. 31.03.2023-ലെ സ.ഉ.(കൈ)നം.85/2023/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം 10.04.2023 മുതൽ പ്രാബല്യത്തിൽ പെർമിറ്റ് ഫീസ് പുതുക്കി നിശ്ചയിച്ചിരുന്നെങ്കിലും കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കാനായി പഴയ ഫീസ് നിരക്കാണ് കണക്കിലെടുത്തിട്ടുള്ളത്. 10.04.2023 തീയതിയ്ക്ക് മുമ്പ് ലഭിച്ച അപേക്ഷകളിൽ ബിൽഡിംഗ് പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ് / സ്ക്രൂട്ട്നി ഫീസ്/ ക്രമവത്കരണ ഫീസ് എന്നിവ സംബന്ധിച്ച്, 10.04.2023 തീയതിയ്ക്ക് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകളിൽ, മേൽപ്പറഞ്ഞ ഏത് ആവശ്യത്തിനാണോ അപേക്ഷ സമർപ്പിച്ചത് ആയതിന്റെ പഴയ നിരക്കാണ് ബാധകമാകുകയെന്നും പ്രസ്തുത തീയതി മുതൽ ലഭിക്കുന്ന അപേക്ഷകൾക്ക് പരിഷ്കരിച്ച നിരക്ക് ബാധകമാണെന്നും വ്യക്തത വരുത്തി 6.5.2023-തീയതിയിലെ സ.ഉ(കൈ)നം.107/2023,തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകർ 10.03.23-ൽ അപേക്ഷ നല്കിയതിന്റെ അടിസ്ഥാനത്തിലാണ് പഴയ നിരക്കിൽ കണക്കാക്കിയിട്ടുള്ളത്. മേൽ വിവരിച്ച ക്രമവത്കരണ ഫീസിന് പുറമെ നിലവിലുള്ള ഹോസ്പിറ്റൽ കെട്ടിടത്തോട് കൂട്ടിച്ചേർത്ത് അധിക നിർമ്മാണം നടത്തിയതിൽ, Minimum Side Yard -ലുള്ള 14% കുറവിന് KPBR, 2019 ചട്ടം 3 (5) പ്രകാരം നിബന്ധനകളോടെ ഇളവ് അനുവദിച്ച് 18.6.2024-ലെ G.O.(Rt) No.1057/2024/LSGD ഉത്തരവ് പ്രകാരം അടവാക്കേണ്ട (KPBR ചട്ടം 3 (5) പ്രകാരം) പെർമിറ്റ് ഫീസിന്റെ 25 തവണ Exemption Fee ഒടുക്കിയതായും കാണുന്നില്ല. അപേക്ഷകൻ ഓൺലൈൻ മുഖേനെ 3,57,615 രൂപ അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷകർ മേൽ തുക അടവാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

**3).** മേൽ വിവരിച്ച കെട്ടിട അപേക്ഷകർ, ഗ്രാമപഞ്ചായത്ത് അവരുടെ അപേക്ഷയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**4).** റഗുലറൈസേഷൻ ചെയ്യുന്നതിന് 10.3.2023-ന് അപേക്ഷ നല്കുന്നതിന് മുൻപ് അപേക്ഷകർ മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നല്കുന്നതിന് വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം.33/ തീ.29.01.2026-ന് മറുപടി നല്കിയിട്ടില്ല. മേൽ ഫയലുമായി ബന്ധപ്പെട്ട തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ്-വിവരങ്ങൾ ലഭ്യമാക്കിയില്ല.

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30

ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകനു നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളതെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 22/തീ.29.01.2026).

## 1-14 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2). എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ, സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-15 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കുമ്പള ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ ചില ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണിൽ കാണിച്ചിരിക്കുന്ന

വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു മൂലം പഞ്ചായത്ത് ഫണ്ടിന് 2,780/-രൂപയുടെ നഷ്ടം നേരിട്ടിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 2,780/-രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. വിശദവിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.34/29.01.2026)

**1-16 ഓണം അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.**

ബാലൻസ് ഷീറ്റ് പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 1,40,000 രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതായി കാണുന്നു. മേൽ തുക തിരിച്ചടക്കാൻ ബാക്കിയുള്ള ജീവനക്കാരുടെ പേര് , വിലാസം, വൌച്ചർ നമ്പർ, ചെക്ക് നമ്പർ എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. 1,40,000 രൂപ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.26/25 തീയതി 29.01.2026)

**1-17 വരൾച്ചാ കുടിവെള്ള വിതരണം അപാകതകൾ 976284 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതിയുടെ പേര് & നം | 413/2025, കുടിവെള്ള വിതരണം 2024 |
| അടങ്കൽ | 1000000രൂപ. (തനത് ഫണ്ട്) |
| ചെലവ് | 976284രൂപ. (തനത് ഫണ്ട്)<br>Sanction Order No.255/26.9.2024<br>ചെക്ക് നം: 12712/26/9/24 |
| നിർവ്വഹണം | സെക്രട്ടറി. |

കുമ്പള ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി 2024 വർഷം ഏപ്രിൽ മെയ് മാസങ്ങളിൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുതിന് കരാർ ഏറ്റെടുത്ത ഫൈസൽ എം.കെ S/O മൊയ്തീൻ കുഞ്ഞി എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്നും 976284രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്രോതസ്സിൽ നിന്നും ജലം ശേഖരിച്ചിട്ടില്ല.

ടെണ്ടർ പരസ്യത്തിലെ (നം/SC2/4187/24 Dt.04.04.2024) നിബന്ധന 4 പ്രകാരം കുടിവെള്ളം ഗ്രാമ പഞ്ചായത്ത് പരിധിയിലെ കുടിവെള്ള സ്രോതസ്സിൽ നിന്നും ശേഖരിക്കണം. എന്നാൽ ട്രിപ് ഷീറ്റ് പ്രകാരം കരാറുകാരൻ മുഴുവൻ വെള്ളവും മംഗൽപാടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിന്നുമാണ് ശേഖരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ മതിയായ വെള്ളം ലഭ്യമല്ലെന്ന കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് മംഗൽ പാടി ഗ്രാമ പഞ്ചായത്തിലെ സ്രോതസ്സിൽ നിന്നും വെള്ളം ശേഖരിച്ചതിന് ഭരണ സമിതി പിന്നീട് സാധൂകരണം നല്കിയിട്ടുണ്ട് (22/06/2024ലെ തീരുമാനം നമ്പർ 8) ട്രിപ് ഷീറ്റിൽ കരാറുകാരൻ വെള്ളം ശേഖരിക്കുന്ന ജലസ്രോതസ്സ് മംഗൽപാടി എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥലം വ്യക്തമാക്കിയിട്ടില്ല. ഒരു ട്രിപ്പ് പോലും ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്രോതസ്സിൽ നിന്നും വെള്ളം ശേഖരിക്കാത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) വിതരണം നടത്തിയ കുടിവെള്ളത്തിന്റെ Water Quality Test Report ന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല -ടെണ്ടർ പരസ്യത്തിലെ (നം/SC2/4187/24 Dt.04.04.2024) നിബന്ധന 5 പ്രകാരം വിതരണത്തിന് മുമ്പ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വെള്ളം ശേഖരിച്ച് ഗുണനിലവാരമുറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള Water Quality Test നടത്തിയതിന്റെ സർട്ടിഫിക്കറ്റ് (K Yousuf Kudupal House Uppala എന്നയാളുടെ പേരിലുള്ളത്) പരിശോധിച്ചപ്പോൾ വിതരണം ചെയ്ത കുടിവെള്ളം ഉപയോഗിക്കുവാൻ അനുയോജ്യമല്ലെന്ന് കാണുകയുണ്ടായി. (Report No-KWA/QA/ R/4/104/J/38/30 തീ.23.04.2024). ഹാജരാക്കിയ സാമ്പിൾ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം

അനുവദനീയമായ അളവ് Nil ആണ് വേണ്ടതെങ്കിലും Coliforms ബാക്ടീരിയയുടെ അളവ് 133 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഗുണനിലവാരമില്ലാത്ത വെള്ളം വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3.ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിലും ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി KL-14 Z 5287, KL-14 V-2866, KL-14-AB 3866, KL-16-N-7155, KL-14 J 7138 എന്നീ വാഹനങ്ങളാണ് ഉപേയാഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിട്ടില്ല.

4.ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജി.പി.എസ് ട്രിപ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. സർക്കാർ ഉത്തരവ് നം. 405/2024/ ത.സ്വ.ഭ.വ തിയതി 19.2.24 ലെ ക്രമ നം.(8) പ്രകാരം തുക നൽകുന്നതിന് മുമ്പ് GPS ലോഗും മാന്വൽ ലോഗും സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. GPS ട്രിപ് ഷീറ്റുകൾക്ക് പകരം ഡെയ്‌ലി അബ്സ്ട്രാക്ടാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇത് മൂലം GPS ലോഗും മാന്വൽ ലോഗും സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്യണം എന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

5. കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്ലപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത്‌രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ളപക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത്

ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽപരാമർശിച്ച രേഖകളുടേയും വിശദാംശങ്ങളുടേയും അഭാവത്തിൽ 976284 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.19/29.01.2026)

**1-18 പഞ്ചായത്ത് അസറ്റ് ഡിജിറ്റലൈസേഷൻ- GIS മാപ്പിംഗ് പ്രവൃത്തി പൂർത്തീകരിച്ചില്ല. 799974/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 437/25 - പഞ്ചായത്ത് അസറ്റ് ഡിജിറ്റലൈസേഷൻ |
| അടങ്കൽ തുക | 2000000 (തനത് ഫണ്ട്) |
| ചെലവ് | 799974/- (Ch..No.0643393/28.12.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

സർക്കാർ ഉത്തരവ് (സാധാ) നം.687/2016/LSGD/Dt.19.2.2016, സ.ഉ.(ആർ.ടി) നം.2556/2018/തLSGD/ Dt.04-10-2018 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ GIS Mapping പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുമതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (ULCCS) നല്കിയിട്ടുണ്ട്. കുമ്പള ഗ്രാമപഞ്ചായത്തിലെ ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തുന്നതിന് 3999870/- രൂപ ചെലവ് വരുന്ന പദ്ധതിക്കായി 04.11.2024 വർക്ക് ഓർഡർ നല്കുകയും ULCCS മായി 10.12.2024-ന് കരാർ ഒപ്പിടുകയും ചെയ്തു. ULCCS ന് വേണ്ടി UL Technology Solutions (P) Ltd, കോഴിക്കോട് എന്ന സ്ഥാപനമാണ് പ്രവൃത്തികൾ ചെയ്യുന്നത്. പ്രൊപ്പോസൽ പ്രകാരം 4 പ്രവൃത്തികൾ - Base Map Preparation – 21 Days, Survey – 120 Days, Web Configuration And Mapping – 21days, Integration Of Data To Web Portal – 15 Days എന്നിങ്ങനെയാണ് നിർവ്വഹണ കാലയളവ് കണക്കാക്കിയിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷം മുൻകൂർ ഇനത്തിൽ 799974/-രൂപ ULCCS-ന് നൽകിയിട്ടുണ്ട്. (SN.Order No. 459/27.12.2024) .

ഗ്രാമ പഞ്ചായത്തിലെ മനുഷ്യ നിർമ്മിതവും പ്രകൃതി ദത്തവുമായ മുഴുവൻ ആസ്തികളുടെയും GIS Mapping, Base Map Creation, GPS And TAB Enabled Property Survey (Residential And Commercial), Developmment Of Web Based GIS Solution എന്നിവയാണ് പദ്ധതി പ്രകാരം പൂർത്തീകരിക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ. കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 31/29-01-2026) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികളിൽ ഉൾപ്പെട്ട 3771 കെട്ടിടങ്ങളുടെ സർവ്വേ, റോഡ് സർവ്വേ, ബേസ് മാപ്പ്, വെബ് പോർട്ടൽ വികസനം എന്നിവ പൂർത്തിയായതായും രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 12681 കെട്ടിടങ്ങളുടെ സർവ്വേയും അതുമായി ബന്ധപ്പെട്ട പോർട്ടൽ വികസനവും നടപ്പാക്കേണ്ടതുള്ളതായും നിലവിലെ കരാർ 09/06/2025 ന് അവസാനിക്കുന്നതിനാൽ കരാർ പുതുക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കരാർ സ്ഥാപന അധികൃതർ 03.06.2025 ന് ഗ്രാമ പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ട്( ULTS/GIS/2025-26/211 നമ്പർ കത്ത്) . എന്നാൽ ഇതു പ്രകാരം കരാർ പുതുക്കിയതായി കാണുന്നില്ല. കൂടാതെ കരാർ സ്ഥാപനം ഡ്രോൺ സർവ്വേ ബേസ് മാപ്പ് പ്രിപ്പറേഷൻ എന്നീയിനങ്ങളിൽ 11.80ലക്ഷം രൂപയുടെ ഇൻവ്വോയ്സ് നല്കിയെങ്കിലും അഡ്വാൻസ് നല്കിയതിന് ശേഷം തുടർ ഗഡുക്കൾ നല്കിയതായും കാണുന്നില്ല.

കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ ഐ.കെ.എം വിന്യസിച്ചിരിക്കുന്ന സോഫ്റ്റ്‌വെയറുകളുമായുള്ള സംയോജനവും സാദ്ധ്യമായിട്ടില്ല. ഇക്കാര്യം പരിശോധിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഐ.കെ.എം വിന്യസിച്ചിരിക്കുന്ന സോഫ്റ്റ്‌വെയറുകളുമായുള്ള സംയോജനവും സാദ്ധ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഓഡിറ്റ് വർഷം മുൻകൂറായി നല്കിയ

799974/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ ഗഡുക്കൾ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട നികുതികൾ ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

**1-19 ബസ് ഷെൽട്ടർ നിർമ്മാണം അപാകതകൾ - 800000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രൊജക്ട് നം, പേര് | 453/25 – ബസ് ഷെൽട്ടർ നിർമ്മാണം |
| അടങ്കൽ തുക | 4000000 (തനത് ഫണ്ട്) |
| ചെലവ് | 800000/-<br>(Ch..No.1330410/04.03.2025)<br>Vr.No.22400687/31.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2024-25 വർഷം നടപ്പിലാക്കിയ പ്രൊജക്ട് നം 453/25 ബസ് ഷെൽട്ടർ നിർമ്മാണം പദ്ധതിപ്രകാരം തനത് ഫണ്ടിൽ നിന്നും 800000/ - രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) കുമ്പള ഗ്രാമ പഞ്ചായത്തിലെ കുമ്പള -ബദിയഡുക്ക - മുള്ളേരിയ KSTP റോഡ് സൈഡിൽ 4 ബസ് ഷെൽട്ടർ സ്ഥാപിക്കുവാനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്. 4000000/-രൂപ അടങ്കലുള്ള പദ്ധതിയുടെ അംഗീകരിച്ച പ്രൊജക്ട് റിപ്പോർട്ടിൽ നിർവ്വഹണ രീതി നേരിട്ടുള്ള നിർവ്വഹണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ അക്രഡിറ്റഡ് ഏജൻസി ആയ ഹബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് നിർവ്വഹണം ഏൽപിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണ രീതിയിലെ ഭേദഗതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം നിലവിലുണ്ടായിരിക്കെ അക്രഡിറ്റഡ് ഏജൻസിയെ പ്രസ്തുത പ്രവൃത്തി ഏല്പിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഇത്തരത്തിൽ പ്രവൃത്തി ഏൽപ്പിച്ചത് മൂലം സെന്റേജ് ചാർജ്ജിനത്തിൽ അടങ്കൽ തുകയുടെ 7.5ശതമാനം തുക ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടാകുവാൻ കാരണമായിട്ടുണ്ട്.

3) ഒരു ബസ് സ്റ്റോപ്പിന് 990000/-രൂപ കണക്കാക്കിയുള്ള എസ്റ്റിമേറ്റാണ് ഹബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയ്യാറാക്കി നല്കിയിരുന്നത്. തുടർന്ന് ഭരണസമിതിയുടെ 28.02.2025 ലെ (1(3)/2025 ലെ നിർദ്ദേശാനുസരണം എസ്റ്റിമേറ്റ് 989183 രൂപയാക്കി ഭേദഗതി ചെയ്തു. ആയതിന് 14.03.2025ലെ 1(2) 2025നമ്പർ തീരുമാനം പ്രകാരം അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിലെ ക്രമ.നം 2.004 Code No. 25.2 പ്രകാരമുള്ള ഇനത്തിന് Sqm ന് 3184.50രൂപ നിരക്കാണ് കണക്കാക്കിയിട്ടുള്ളത് ഈ ഇനത്തിന്റെ ഡാറ്റ ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിയ്ക്കായി കരാർ ഉടമ്പടി വെയ്ക്കുന്നതിന് മുമ്പായി ബസ് ഷെൽട്ടർ നിർമ്മാണത്തിനായി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ ആധികാരികത ഗ്രാമ പഞ്ചായത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെ നിയോഗിച്ച് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. കുമ്പള ടൗണിൽ കെ.എസ്.ടി,പി റോഡിനരികിലെ ബസ് ബേയിലാണ് ഷെൽട്ടറുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. ഏകദേശം പത്ത് മീറ്ററിൽ താഴെ ദൂര വ്യത്യാസത്തിലാണ്

ഇവ സ്ഥാപിച്ചിട്ടുള്ളത്. 4 ഷെൽട്ടറുകൾ പ്രത്യേകം നിർമ്മിക്കുന്നതിന് പകരം അവ സംയോജിപ്പിച്ച് ചെലവ് കുറച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ സാദ്ധ്യത നിർവ്വഹണ അധികാരികൾ പരിശോധിച്ചിട്ടുമില്ല.

5) പദ്ധതി നടത്തിപ്പിൽ വിവിധ അപാകതകൾ സൂചിപ്പിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ സാങ്കേതിക പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23.04.2025 ലെ എസ്.സി2/150/2024 നമ്പർ കത്ത് പ്രകാരം ഹബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കത്ത് നല്കിയിരുന്നു. ആയതിന് ഹബിറ്റാറ്റ് ജനറൽ മാനേജർ 25.04.2025 ന് നല്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് KSTP അധികൃതരുമായി ചമച്ച കരാർ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അടിത്തറയുടെ ഡിസൈൻ ഭേദഗതി വരുത്തിയിട്ടുള്ളതായും ഇത് ഘടനാ പരമായി സുരക്ഷിതമാണെന്നും അറിയിക്കുകയുണ്ടായി (Concreat MAT Base With RCC Beams Arround The Perimeater ) . ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തിയതിന്റെയും ആയതിന് ഭരണ സമിതി അംഗീകാരം നല്കിയതിന്റേയും പുതുക്കിയ പ്ലാനിന്റേയും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) പദ്ധതിയ്ക്കായി അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും പ്ലാനിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം നടന്നിട്ടുള്ളതായി പരാതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ നിർവ്വഹണ സ്ഥാപനത്തിന് തുക അനുവദിക്കുന്നതിന് മുമ്പ് പ്രവൃത്തിയുടെ അളവുകളും ഗുണനിലവാരവും തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെ നിയോഗിച്ച് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ച രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം കൈമാറിയ 800000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.16/29.01.2026)

**1-20 തെരുവ് വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല- മറ്റ് അപാകങ്ങളും 2295029 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി, 2295029 രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ KEL ൽ നിന്നുമാണ് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രൊജക്ട് നം | സ്ട്രീറ്റ് ലൈറ്റ് ഇനം | വിതരണ സ്ഥാപനം | എണ്ണം | വില | വൗച്ചർ നം |
|---|---|---|---|---|---|---|
| 1 | 435/25 (So) ആരിക്കാടി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ അടങ്കൽ -400200 (തനത് ഫണ്ട്) | 36 W LED Street Light | KEL കൊല്ലം - Invoice No.665/31.01.2025 | 118 | 400020/- | 22400723/ 31.03.2025 Che.No.1330416/ 31.03.2025 |
| 2 | 432/25 (So) സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ അടങ്കൽ-1500000 തനത് ഫണ്ട് | 36 W LED Street Light | KEL കൊല്ലം - Invoice No.666/31.01.2025 | 442 | 1498379/- | 22400653/ 31.03.2025 Che.No.1330418/ 31.03.2025 |
| 3 | 427/25 (So) കക്കളംകുന്ന് വാർഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ അടങ്കൽ -396630 തനത് ഫണ്ട് | 36 W LED Street Light | KEL കൊല്ലം - Invoice No.664/31.01.2025 | 117 | 396630/- | 22400756/ 31.03.2025 |
| | ആകെ | | | | 2295029 | |

മേൽ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും വിശദാംശങ്ങളും

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) മേൽ പട്ടിക ക്രമ നം 1, 3 എന്നിവയിൽ തെരുവ് വിളക്ക് സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ് പ്രതിനിധികളുടെ സാക്ഷ്യപത്രമുണ്ടെങ്കിലും ഏതൊക്കെ പോസ്റ്റുകളിലാണ് ലൈറ്റുകൾ സ്ഥാപിച്ചതെന്ന് സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടില്ല. ലൈറ്റുകൾ സ്ഥാപിച്ച സ്ഥാപനവും ഇത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതികൾ പ്രകാരം പ്രകാരം വാങ്ങിയ ലൈറ്റുകൾ പൂർണ്ണമായും 2, 3 എന്നീ വാർഡുകളിൽ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

2) മേൽ പട്ടിക ക്രമ നം 2 പ്രകാരമുള്ള പ്രൊജക്റ്റ് പ്രകാരം 442 ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 375 എണ്ണം വിവിധ വാർഡുകളിൽ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാക്കി 67 എണ്ണം വിവിധ വാർഡുകളിൽ സ്ഥാപിച്ചതായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം വാങ്ങിയ മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ചത് സംബന്ധിച്ച പോസ്റ്റ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടേയും , വിതരണ സ്ഥാപന അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി ആസൂത്രണത്തിനു മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയതിന്റെ വിശദാംശങ്ങളും, ഗവ.സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011ൽ നിർദ്ദേശിച്ച പ്രകാരം കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നീ സമിതികൾ പ്രോജക്റ്റ് രൂപീകരിയ്ക്കുന്നവേളയിൽ തെരുവു വിളക്കുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ആവശ്യകത വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5). മുൻ വർഷങ്ങളിൽ സ്ഥാപിച്ച ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും മാറ്റി സ്ഥാപിച്ച ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചുള്ള വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) എല്ലാ വാർഡിലും നിലവിലുള്ള വിളക്കുകൾ (പ്രവർത്തിക്കുന്നതും/പ്രവർത്തിക്കാത്തതും) സംബന്ധിച്ച്, മിനി/ഹൈ മാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെയുള്ള മുഴുവൻ വിവരവും (പദ്ധതി പ്രകാരം സ്ഥാപിച്ചത് ഉൾപ്പടെ) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് KSEB അധികാരികളുടെ സൂപ്പർവിഷൻ ലഭ്യമായത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9). തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വേളയിൽ പ്രവർത്തനരഹിതമായ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പോസ്റ്റിൽ നിന്ന് മാറ്റി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതും ആയതിന്റെ വിവരം പ്രത്യേകമായി രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി വിനിയോഗിച്ച 2295029/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/29.01.2026)

**1-21 ആരിക്കാടി അണ്ടർ പാസ്സേജ് ഇംപ്രൂവ്മെന്റിന് മോട്ടോറും ജനറേറ്ററും - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 990000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രൊജക്ട് നം , പേര് | പ്രൊ.നം 151/25 ആരിക്കാടി അണ്ടർ പാസ്സേജ് ഇംപ്രൂവ്മെന്റിന് മോട്ടോറും ജനറേറ്ററും |
| അടങ്കൽ തുക | 952840/- (വികസന ഫണ്ട്)<br>37610/- (തനത് ഫണ്ട്) |
| ചെലവ് | 952840/-ബിൽ നം.242002520009001936 09/23.05.2024<br>37610/- (Vr.No. J 42400359/15-11-2024)<br>ആകെ - 990000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം 990000 രൂപ പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപ വിഭാഗം അസി.എക്സി എഞ്ചിനിയർ കാസറഗോഡിന്റെ 29.09.2024ലെ ESD/KSD/584/2022 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 8443-00-108-PW Deposit എന്ന ഹെഡ്ഡിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദമായ എസ്റ്റിമേറ്റ്, കരാർ ഉടമ്പടി , വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ 990000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.32/29.01.2026)

**1-22 ഉജാർ കൊടിയമ്മ സ്കൂൾ റോഡ് ബോക്സ് കൾവർട്ട് നിർമ്മാണം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 436810/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രൊജക്ട് നം , പേര് | പ്രൊ.നം 14/25 ഉജാർ കൊടിയമ്മ സ്കൂൾ റോഡ്<br>ബോക്സ് കൾവർട്ട് നിർമ്മാണം |
| അടങ്കൽ തുക | 436810/- (തനത് ഫണ്ട്) |
| ചെലവ് | 436810/-<br>(Vr..No.22400755/31.03.25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മേൽ പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതം ഇനത്തിൽ 436810/-രൂപ (തനത് ഫണ്ട്) ഹാർബർ എഞ്ചിനിയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) 21.01.2025ലെ ഇ1/1380/ഇ ഇ കത്തിന്റെ അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട് (A/C.No.33633722490 SBI Vidyanagar). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 436810/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.32/29.01.2026)

**1-23 വിവിധ പദ്ധതികൾക്കായി KSEB യിൽ തുക നിക്ഷേപിച്ചത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം 1239063/-രൂപ KSEBക്ക് കൈമാറിയിട്ടുണ്ട്.

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KSEB | 534/25 മിലാദ് നഗർ പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | Vr.No.22400685/31.03.2025 (തനത് ഫണ്ട്) | 99282/- |

| | | | |
|---|---|---|---|
| KSEB | 420/25 ആരിക്കാടി വൈദ്യുത ലൈൻ വലിക്കലും പോസ്റ്റ് മാറ്റലും | Vr.No.22400738/31.03.2025 (തനത് ഫണ്ട്) | 389539/- |
| KSEB | 561/25 മൊഗ്രാൽമിലാദ് നഗർ ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് വലിക്കൽ<br>മീറ്റർ കണക്ടർ സ്ഥാപിക്കൽ | Vr.No.22400775/31.03.2025 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്) | 88875/- |
| KSEB | 154/25 വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലും ദീർഘിപ്പിക്കലും (So) | ട്രഷറി ബിൽ നം. 242002520009001936l6/ 23.05.2024 (വികസനഫണ്ട് ജനറൽ)) | 400000/- |
| KSEB | 153/25 കക്കളം കുന്ന് സ്ട്രീറ്റ് ലൈൻ വലിക്കൽ (So) | ട്രഷറി ബിൽ നം. 242002520009001936O4/ 23.05.2024 (വികസനഫണ്ട് ജനറൽ) | 261367/- |
| | | ആകെ | 1239063 |

മേൽ പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1239063/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.17/29.01.2026)

**1-24 നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു - 99500/ - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2024-25 വർഷം നടപ്പിലാക്കിയ പ്രൊജക്ട് നം 527/25 - കുമ്പള ഗ്രാമ പഞ്ചായത്ത് ട്രാഫിക് പരിഷ്കരണം പദ്ധതിപ്രകാരം തനത് ഫണ്ടിൽ നിന്നും 99500/ - രൂപ അബ്ദുള്ള എ. (PWD കോൺട്രാക്ടർ) എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. (Vr.22400722/31.03.2025) .പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) പദ്ധതി പ്രകാരം JCB വാടക, ടിപ്പർ വാടക, മണ്ണിന്റെ വില, മെറ്റൽ എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ എഞ്ചിനിയറിംഗ് വിഭാഗം ഉണ്ടായിരിക്കെ മരാമത്ത് സ്വാഭാവമുള്ള പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നിർവ്വഹണത്തിന് ശേഷം പ്രവൃത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നല്കണമെന്നാവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും (SC2/2025/950 Dt.19.2.2025) വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിക്കാണുന്നില്ല.

2) പദ്ധതി ഫയലിൽ മൂന്ന് പേരിൽ നിന്നുമുള്ള ക്വട്ടേഷനുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും ആയത് പ്രസിദ്ധപ്പെടുത്തിയതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. 1 ലക്ഷം രൂപ അടങ്കലുള്ള പ്രസ്തുത പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

നിയമാനുസൃതമായ നടപടികൾ പാലിക്കാതെ നടത്തിയ 99500/-ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.17/29.01.2026)

**1-25 ഗ്രാമ പഞ്ചായത്തിലേയ്ക്ക് വാങ്ങിയ ജനറേറ്റർ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.ചെലവ് തുക 1098484/-തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്ട് നം , പേര് | 468/25 - പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ |
| അടങ്കൽ തുക | 1100000 (തനത് ഫണ്ട്) |
| ചെലവ് | 1098484/-<br>(Vr.No.22400675/31.03.2025 & 22400699/31.03.2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

| | |
|---|---|
| വിതരണ സ്ഥാപനം | KEL Eectrical Mechines Limited Kasaragod Invoice No.MKTG/DG Set/E-76/359/24 Dt.14/11/2024 |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 1098484/-രൂപ ചെലവഴിച്ചിട്ടുണ്ട് . പദ്ധതി പ്രകാരം സ്ഥാപിച്ച ജനറേറ്റർ ഗ്രാമ പഞ്ചയാത്തിന്റെ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ കാരണത്താൽ 1098484/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആസ്തി രജിസ്റ്ററിൽ ചേർത്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.17/29.01.2026)

**1-26 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല-167506/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്ട് നം , പേര് | 6/25 – കുമ്പള ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 300000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 300000/- (Bill.No.24200252000901581356/18.03.2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| വിതരണ സ്ഥാപനം | ഹോംകോ , ആലപ്പുഴ |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ കുമ്പള ആയുഷ് പി.എച്ച്.സി (ഹോമിയോ) ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 300000/-രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. ആയുഷ് പി.ച്ച്.സി ഹോമിയോ അധികൃതർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 132494/-രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത് . അവശേഷിച്ച 167506/-രൂപയുടെ മരുന്ന് ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുള്ളതിനാൽ 167506/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.17/29.01.2026)

**1-27 പഠന മുറി നിർമ്മാണം പ്രവൃത്തി പൂർത്തിയായിട്ടില്ല-225000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്ട് നം , പേര് | 491/25 – എസ്.ടി കുട്ടികൾക്ക് പഠനമുറി 5 മുതൽ 12 ക്ലാസ്സ് വരെ (SO) |
| അടങ്കൽ തുക | 84000 (വികസന ഫണ്ട് പൊതു വിഭാഗം ) 141000 (വികസന ഫണ്ട് ടി.എസ്.പി ) |
| ചെലവ് | 84000 - ബിൽ നം. 24200252010601368003/22-02-2025 141000 - ബിൽ നം. 24200252010601368005/05-02-2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതി പ്രകാരം 3 വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് രണ്ടാം ഗഡു ഇനത്തിൽ 225000/-രൂപ ഓഡിറ്റ് വർഷം അനുവദിച്ചിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര് | രക്ഷിതാവിന്റെ പേര് | തൻ വർഷം അനുവദിച്ച തുക |
|---|---|---|
| രാധിക | രാജു.ബി | 75000/- |
| റിതേഷ് | രവികുമാർ | 75000/ |
| ലാവണി | ലക്ഷ്മി | 75000/- |

മേൽ ഗുണഭോക്താക്കൾക്ക് 2023-24 വർഷം 50000/-രൂപ വീതം നല്കിയിരുന്നു. ഗുണഭോക്താക്കളുടെ

പഠന മുറി നിർമ്മാണം പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 225000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 28/29-01-2026)

**1-28 സ്കൂളുകളിലും ഘടകസ്ഥാപനങ്ങളിലും മാലിന്യ ബിൻ സ്ഥാപിക്കൽ വിതരണം പൂർത്തിയായിട്ടില്ല. മറ്റ് അപാകതകളും - 210000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നം , പേര് | 464/25 -സ്കൂളുകളിലും ഘടകസ്ഥാപനങ്ങളിലും മാലിന്യ ബിൻ സ്ഥാപിക്കൽ |
| അടങ്കൽ തുക | 490000 ( കേന്ദ്രാവിഷ്കൃത പദ്ധതി )<br>210000 ( തനത് ഫണ്ട് ) |
| ചെലവ് | 210000/- 22400734/31.03.2025 (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | അസിസ്റ്റന്റ് സെക്രട്ടറി |

സ്കൂളുകളിലും ഘടകസ്ഥാപനങ്ങളിലും മാലിന്യ ബിൻ സ്ഥാപിക്കൽ പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 210000 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 7000/-രൂപ നിരക്കിൽ 100 ബിന്നുകളാണ് വാങ്ങിയിട്ടുള്ളത് .പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) വിതരണം ചെയ്ത മാലിന്യ ബിന്നിന്റെ വിലയും സ്പെസിഫിക്കേഷനും ശുചിത്വ മിഷൻ നിശ്ചയിച്ചത് പ്രകാരമുള്ളതാണെന്ന് ഉറപ്പുവരുത്തിയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) പദ്ധതിയിൽ വകയിരുത്തിയ ശുചിത്വ മിഷൻ വിഹിതം 490000/-രൂപ ലഭ്യമായതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സി) 35 സ്ഥാപനങ്ങളിൽ വിതരണം ചെയ്തതിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് . അവശേഷിച്ച 65 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഡി) മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ 210000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 28/29-01-2026)

**1-29 ബോട്ടിൽ ബൂത്ത് സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 129600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നം , പേര് | 446/25 - ബോട്ടിൽ ബൂത്ത് |
| അടങ്കൽ തുക | 302400 ( കേന്ദ്രാവിഷ്കൃത പദ്ധതി )<br>129600 ( തനത് ഫണ്ട് ) |
| ചെലവ് | 129600/- 22400733/31.03.2025 ( തനത് ഫണ്ട് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 129600 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 16000/-രൂപ നിരക്കിൽ 27 ബോട്ടിൽ ബൂത്തുകളാണ് വാങ്ങിയിട്ടുള്ളത് . പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- വിതരണം ചെയ്ത ബോട്ടിൽ ബൂത്തിന്റെ അളവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തിയതിന് രേഖകളില്ല.

- പദ്ധതിയിൽ വകയിരുത്തിയ ശുചിത്വ മിഷൻ വിഹിതം 302400/- രൂപ ലഭ്യമായതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

- ഏതൊക്കെ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചുവെന്നത് സംബന്ധിച്ച് വിതരണ സ്ഥാപനത്തിൽ നിന്നുമുള്ള സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ 129600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 28/29-01-2026)

**1-30 പോത്തുകുട്ടി വിതരണം രേഖകൾ ഹാജരാക്കിയില്ല- 320000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 059/25, പോത്തുകുട്ടി വിതരണം |
| അടങ്കൽ ₹700000 | ₹3,50,000 വികസന ഫണ്ട്, ജനറൽ<br>₹3,50,000 ഗുണഭോക്തൃ വിഹിതം |
| ചെലവ് | ₹3,20,000 |
| ബില്ല് നം/ തീയതി | 1.24200252013801589041/19.03.2025- ₹60000<br>2.24200252013801683733/25.03.2025- ₹50000<br>3.24200252013801700034/25.03.2025- ₹50000<br>4.42400668/31.03.2025-₹50000<br>5.42400669/31.03.2025-₹50000<br>6.42400650/31.03.2025-₹60000 |

മേൽ പ്രൊജക്ട് പ്രകാരം 160,000/- രൂപ സബ്സിഡിയായും 160,000/ രൂപ ഗുണഭോക്തൃ വിഹിതമായും ആകെ 3,20,000 /-രൂപ ചെലവഴിച്ച് 16 പോത്തിൻ കുട്ടികളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ വേണ്ടി അബൂബക്കർ എം എ എന്ന വ്യക്തിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 10,000/- രൂപയാണ് (യൂണിറ്റ് കോസ്റ്റ്- 20000) സബ്സിഡിയായി നൽകിയത്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മുഹമ്മദ് റഫീഖ് പി എ (വാർഡ് 04) എന്ന ഗുണഭോക്താവ് അപക്ഷയോടൊപ്പം സ്ഥിരതാമസ രേഖയായി സമർപ്പിച്ച റേഷൻകാർഡിലെ മേൽവിലാസം മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിലുള്ളതാണ്. ടിയാൻ നിലവിൽ കുമ്പള ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസ്സക്കാരനാണെന്ന് വ്യക്തമല്ല.

2.പോത്തുകുട്ടി വിതരണക്കാരനെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

3. പോത്തുകുട്ടി വിതരണക്കാരനുമായി കരാർ ചമച്ചതിന്റെ വിശദാംശം ലഭ്യമല്ല.

4.പോത്തുകുട്ടി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/27.01.2026) മറുപടിയായി രേഖകൾ ഭാവിയിൽ സമപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹3,20,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ കം സ്കാനർ അനുബന്ധ സാധനങ്ങൾ വാങ്ങൽ-നടപടി ക്രമം പാലിച്ചിട്ടില്ല.-78425 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 076/25, മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ കം സ്കാനർ അനുബന്ധ സാധനങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹1,00,000 മെയിന്റനൻസ് ഫണ്ട് റോഡ് |
| ചെലവ് | ₹78,425 |
| ബിൽ നമ്പർ/ തീയതി | 1.242002520138008935516/12.11.2024- ₹ 21425<br>2.242002520138008935512/12.11.2024- ₹ 18500<br>3.242002520138008935518/12.11.2024- ₹ 38500 |

മൃഗാശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കാൻ മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ കം സ്കാനർ വാങ്ങുന്നതിനു വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത്. മേൽ പ്രൊജക്ട് പ്രകാരം 78,425 രൂപ ചെലവഴിച്ച് പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണം | സ്ഥാപനം | ഇൻവോയിസ് നം.തിയതി | തുക |
|---|---|---|---|---|
| 1 | EPSON Inkjet Printer | One Zero | OZIFS/1067, 04.11.2024 | 21425 |
| 2 | EPSON Printer | One Zero | OZIFS/1066, 04.11.2024 | 18500 |
| 3 | HP Laptop | One Zero | OZIFS/1065, 04.11.2024 | 38500 |

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ ഉണ്ട്.

1. ഫയൽ പരിശോധിച്ചപ്പോൾ മേൽ ഉപകരണങ്ങൾ വാങ്ങിയത് വാങ്ങൽ നടപടിക്രമം പാലിച്ചിട്ടാണോയെന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

2. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/27.01.2026) വാങ്ങലുകൾ നടത്തിയത് Gem മുഖേന ആണെന്നും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹78,425 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ ഫയൽ ഹാജരാക്കിയില്ല- 80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

| **പ്രോജക്ട് നമ്പർ, പേര്** | ഫണ്ടിനം | അടങ്കൽ | ചെലവ് | ബില്ല് നം |
|---|---|---|---|---|
| 145/2025, പോത്ത് കുട്ടി വിതരണം | വികസന ഫണ്ട് - ജനറൽ | 350000 | 80000 | 01/09.05.2024 |

ഫയൽ പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് റിക്വിസിഷൻ നം (7/23.01.2026), ഓഡിറ്റ് എൻക്വയറി (13/28.01.2026) എന്നിവ നൽകിയിട്ടും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനായിട്ടില്ല. ഫയൽ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 80000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 അടുക്കള മുറ്റത്തെ കോഴി വളർത്തൽ- മുഴുവൻ രേഖകൾ ഹാജരാക്കിയിട്ടില്ല.1,95,000 രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 72/25, അടുക്കള മുറ്റത്തെ കോഴി വളർത്തൽ |
| അടങ്കൽ ₹1083300 | ₹10,00,000 വികസന ഫണ്ട് - ജനറൽ<br>₹83300 ഗുണഭോക്ത വിഹിതം |
| ചെലവ് | ₹667,800 |
| ബിൽ നമ്പർ,തീയതി | 1.242002520138016 93121/25.03,2025 - ₹ 1,80,000<br>2.242002520138010 53777/17.12.2024- ₹ 1,80,000<br>3.242002520138011 38582/06.01.2025 – ₹82,800<br>4. 42401426 /31.03.2025- ₹15000<br>5.42400636/28.03.2025 - ₹15000 |

1666 ഗുണഭോക്താക്കൾക്ക് 45-60 ദിവസം പ്രായമുള്ള 5 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 5 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 650 രൂപയാണ് ചെലവ്. ഇതിൽ 600 രൂപ സർക്കാർ സബ്സിഡിയും 50 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. മുട്ടക്കോഴി വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ ഗുണഭോക്തൃ പട്ടികയുടെ പ്രിന്റഡ് കോപ്പിയിൽ ഗുണഭോക്താക്കൾ ഒപ്പ് വെച്ചാണ് കോഴിക്കുഞ്ഞുങ്ങളെ സ്വീകരിക്കുന്നത്. പദ്ധതിയുടെ ആകെ ചെലവ് ₹667,800 ആണ്. ഇതിൽ ₹472800 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കി വരുന്ന₹ 1,95,000 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിന്റെ ആകെ ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 1,95,000 യുടെ ചെലവ് തടസ്സപെടുത്തുന്നു. (എൻക്വയറി നം – 14/28.01.2026)

**1-34 കറവ പശുക്കൾക്ക് കാലിത്തീറ്റ-മുഴവൻ രേഖകൾ ഹാജരാക്കിയിട്ടില്ല.1,53,000 രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 144/25, കറവ പശുക്കൾക്ക് കാലിത്തീറ്റ |
| അടങ്കൽ ₹1539120 | ₹642120 വികസന ഫണ്ട് - ജനറൽ |

| | |
|---|---|
| | ₹897000 ഗുണഭോക്തൃ വിഹിതം |
| ചെലവ് | ₹5,50,600 |
| ബിൽ നമ്പർ,തീയതി | 1.24200252013801634159/22.03,2025 - ₹ 85,400<br>2. -42401153/31.03.2025 ₹ 85,400<br>3.24200252013801477053/10.03.2025 – ₹1,13,400<br>4. 42400645/31.03.2025 ₹1,13,400 |

ക്ഷീരകർഷകർക്ക് ഗവൺമെന്റ് സബ്സിഡിയോട് കൂടി കാലിത്തീറ്റ വിതരണം ചെയ്യാൻ വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത്. കേരള ഫീഡ്സിൽ നിന്നാണ് കാലിത്തീറ്റ വാങ്ങിയത്. പദ്ധതിയുടെ ആകെ ചെലവ് ₹5,50,600 ആണ്. ഇതിൽ 3,97,600 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ബാക്കി വരുന്ന 1,53,000 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിലെ ആകെ ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 1,53,000 രൂപയുടെ ചെലവ്തടസ്സപെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം – 15/28.01.2026)

**1-35 എസ്. എസ്. കെ വിഹിതം-വിശദമായ വിനിയോഗ വിവരം ലഭ്യമല്ല -പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല-14,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി നം. 38/2024-25 - എസ്.എസ്.കെ വിഹിതം അടവാക്കൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 14,00,000 രൂപ State Project Officer-SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ചതുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.കെ വിഹിതം-38/25 | 14,00,000 | 24200252026800968293തീ.30.11.2024 (വികസന ഫണ്ട് ) |

എസ്.എസ്.കെ വിഹിതം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രധാന വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

1.പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2.പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 (ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണസ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

എ). പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

ബി). പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

സി). ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

ഡി). വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും മാർഗ രേഖ പ്രകാരമുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/28.01.2026)മറുപടി ലഭ്യമാക്കിയില്ല. വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തനാൽ 14,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-36 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം-നിയമാനുസൃതം മെഡിക്കൽ ക്യാമ്പ് നടത്തിയില്ല- മറ്റ് അപാകതകളും.**

| പ്രോ.നം. 21/25, ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ | |
|---|---|
| പദ്ധതി അടങ്കൽ | 8,86,179 രൂപ (വികസനഫണ്ട് ജനറൽ). |
| ചെലവ് | 8,86,179 രൂപ, BRN No. 24200252013701653703 തീ.23.3.2025 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണങ്ങൾ നൽകൽ എന്നീ പ്രവർത്തനങ്ങൾക്ക് വേണ്ടി 8,86,179 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ കൊടുക്കുന്നു.

A). 52 പേർക്ക് 8,86,179 രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. 28.05.22 ലെ സ.ഉ.(അ)നം.115/2022 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.1.3 പ്രകാരം എല്ലാ ഗ്രാമ-നഗര സ്ഥാപനങ്ങളും അടുത്ത വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാരുടെ വൈകല്യം നിർണ്ണയിക്കുന്നതിനും വൈദഗ്ദ്ധ്യമുള്ള സർക്കാർ ഡോക്ടർമാരുടെ ടീമിനെ ഉൾപ്പെടുത്തി എല്ലാ നവംബർ മാസങ്ങളിലും വരുംവർഷത്തെ പ്രോജക്ട് തയ്യാറാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും, ഇങ്ങനെ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ENT അസി.സർജനും, ഓർത്തോ വിഭാഗം ഡോക്ടറുമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന രോഗികളെ പോലും പരിശോധിച്ച് സഹായ ഉപകരണങ്ങൾ ശുപാർശ ചെയ്തതായി കാണുന്നത്. ഇത് നിയമാനുസൃതമല്ല.

B).ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്താതെയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ ധനസ്ഥിതി പരിശോധി ക്കുന്നതിനുള്ള രേഖകൾ ഫയലില്ല. ആയത് പരിശോധിച്ച് ഉറപ്പ് വരുത്തിയത് സംബന്ധിച്ച വിവരവും ഫയലില്ല.

**C)** സർക്കാർ ഉത്തരവ് (കൈ)നം 115/2022/തസ്വഭവ, തീയതി 28.05.2022 ലെ ഖണ്ഡിക നം 7.1.3.4 പ്രകാരം ആനുകൂല്യം ലഭിച്ച വ്യക്തികൾക്ക് വീണ്ടും ലഭിക്കുന്നത് ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരം ഒരു രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ചു കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/28.01.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച 8,86,179/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-37 അങ്കണവാടി നിർമ്മാണത്തിന് കാസറഗോഡ് വികസന പാക്കേജിലേക്ക് പഞ്ചായത്ത് വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിട്ടില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര്,നമ്പർ | അങ്കണവാടി നിർമ്മാണത്തിന് കാസറഗോഡ് വികസന പാക്കേജിലേക്ക് പഞ്ചായത്ത് വിഹിതം, നൽകൽ 529/25 |
| അടങ്കൽ | 12,56,000/-രൂപ |
| ചെലവ് തുക | 12,56,000/-രൂപ (തനത് ഫണ്ട്) |
| VR.No. നമ്പർ, തീയതി | 22400741/24-03-2025 |

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിർമ്മിക്കുന്ന കജെപദവ് സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ 12,56,000/- രൂപ കാസറഗോഡ് ജില്ലാ കലക്ടറുടെ (ചെയർമാൻ ജില്ലാ തല സമിതി കാസറഗോഡ് വികസന പാക്കേജ്) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് നിർമ്മിതി കേന്ദ്രത്തിന് (A/C No-10741631359 SBI Kanhangad) നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ റിപ്പോർട്ട് , വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ റിപ്പോർട്ട് , വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 12,56,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.10 / 28.01.2026)

## 1-38 വനിത മെൻസ്ട്രുവൽ കപ്പ് വിതരണം-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ്എച്ച് സി ആരിക്കാടി |
| പ്രോജക്ടിന്റെ പേര്, നമ്പർ | വനിത മെൻസ്ട്രുവൽ കപ്പ്, 497/25 |
| അടങ്കൽ | 2,90,006 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹2,89,942 |
| ബിൽ നം | 1)24200252014200711401/26-9-24,₹279942<br>2)24200252014200885446/10-11-24, ₹10000 |

എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് വാങ്ങി നല്കാമെന്നും പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതുമായ ഈ സംവിധാനം പ്രോത്സാഹിപ്പിക്കണമെന്നും സബ്സിഡി മാർഗരേഖയിൽ പറയുന്നുണ്ട്. അതു പ്രകാരം ഈ പദ്ധതിക്കായി 2,89,942 രൂപ ചെലവഴിച്ച് എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും 920 എണ്ണം മെൻസ്ട്രുവൽ കപ്പ് വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2)മെൻസ്ട്രുവൽ കപ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം ഫയലിൽ ലഭ്യമല്ല.

3)ഈ പദ്ധതിയുടെ വിശ്വാസ്യതയ്ക്കും സംശയ നിവാരണത്തിനും യുപിഎച്ച് സി/എഫ്എച്ച് സി/പിഎച്ച് സി/സിഎച്ച് സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടി നടത്തണമെന്ന് മാർഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ ബോധവൽക്കരണ പരിപാടികൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

4)വാങ്ങൽ നടത്തുന്നതിന് ഭരണസമിതി പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

5)മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2,89,942രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 24/25 തീയതി 29.01.2026)

**1-39 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി.**

2024-25 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഒരു ടണ്ണിന് 11,520 രൂപയാണ് വില.ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 576 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്. ഈ നിരക്ക് പ്രകാരം ടെണ്ടർ ചെയ്താണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

| ക്രമ നം | പ്രവൃത്തി | സിമന്റിന്റെ അളവ്, നിരക്ക് |
|---|---|---|
| 1 | പ്രവൃത്തി - ബന്നാർ കടവ് ലിങ്ക് റോഡ്<br>(/RC/382077)<br>കരാറുകാരൻ- ഇർഷാദ്<br>ഇൻവോയ്സ് നം 1. 037/22.12.2023<br>(MRP -576) | വാങ്ങിയ സിമന്റ്- 10.1 ടൺ X Rs.11520/ടൺ = 116352 രൂപ<br>നിരക്ക്- ചാക്കിന് 576 രൂപ |
| 2 | പ്രവൃത്തി - കഞ്ചികട്ടെ റോഡ് കോൺക്രീറ്റ്<br>(RC/382172)<br>കരാറുകാരന്- മുഹമ്മദ് നഹ്മാൻ<br>ഇൻവോയ്സ് നം. 1. 699/28.11.2023<br>(MRP -576) | വാങ്ങിയ സിമന്റ്- 10.8 ടൺ X Rs.11520/ടൺ = 124416 രൂപ<br>നിരക്ക്- ചാക്കിന് 576 രരൂപ |
| 3 | പ്രവൃത്തി - ഷെട്ടി ഗദ്ദേ ക്രോസ്സ് റോഡ്<br>(RC/382591)<br>കരാറുകാരന്- എ എം മുഹമ്മദ്<br>ഇൻവോയ്സ് നം. 1. 34/28.11.2023<br>(MRP -576) | വാങ്ങിയ സിമന്റ്- 10.9 ടൺ X Rs.11520/ടൺ = 125568 രൂപ<br>നിരക്ക്- ചാക്കിന് 576 രൂപ |
| 4 | പ്രവൃത്തി - സി.എച്ച.സി റോഡ് ഡ്രൈനേജ്<br>(1601002005/RC/393258)<br>കരാറുകാരന്- എ എം മുഹമ്മദ്<br>ഇൻവോയ്സ് നം. 1. 46/10.11.2024-115200<br>(MRP -576) | വാങ്ങിയ സിമന്റ്- 10 ടൺ X Rs.11520/ടൺ = 115200 രൂപ<br>നിരക്ക്- ചാക്കിന് 576 രൂപ |

2024-2025 കാലയളവിൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങിയിട്ടുണ്ടെങ്കിലും നിരക്കുകൾ മാർക്കറ്റ്

നിരക്കിനെക്കാൾ അധികമാണൊയെന്ന് പരിശോധിച്ച് അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വലിയ അധികച്ചെലവ് ഇതിൽ പഞ്ചായത്തിന് വഹിക്കേണ്ടി വന്നിട്ടുണ്ട്.ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 21 തീയതി.29.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി സോഫ്റ്റ്‌വെയറിലെ നിരക്കുകൾ പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനങ്ങളുടെ സമാഹരണം -നികുതി ഈടാക്കുന്നതിലെ അപാകത

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018 ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2024-25 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ മേൽ നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികളും ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി/കരാറുകാരൻ | തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി 1% SGST 1% CGST | ഈടാക്കിയ ജി.എസ്.ടി |
|---|---|---|---|
| സി.എച്ച്.സി റോഡ് ഡ്രൈനേജ് കരാറുകാരൻ-എ എം മുഹമ്മദ് | 328344 | 6567 | 0 |

ജി.എസ്.ടി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.20/2024-25 തീ. 29-01-2026)

## 1-41 ജൽജീവൻ മിഷൻ പദ്ധതി- അവലോകനം

2024 വർഷത്തോടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി . പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് സമയത്ത് ഗ്രാമ

പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നടത്തിപ്പ് അവലോകനത്തിന് വിധേയമാക്കി. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ജല അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 തിയതി.23/01/2026 ന് ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതമായോ ഗുണഭോക്തൃ വിഹിതമായോ തുകയൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് സ.ഉ.(സാധാ) നം. 4584/2020/ധന/ തിയ്യതി. 10.08.2020 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഫണ്ട് കണ്ടെത്തുന്നതിനുള്ള സാദ്ധ്യതകൾ ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തിക്കാണുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-42 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യ മേഖല ഗ്രാന്റ്-ഗ്രാമപഞ്ചായത്ത് തല അവലോകനം.**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ , പ്രാഥമികാരോഗ്യ പരിരക്ഷ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖല ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021-ന് പുറപ്പെടുവിച്ച 15(2)FC-XV/FCD/2020-25 നമ്പർ മാർഗ്ഗരേഖ, കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് ഗ്രാന്റ് വിനിയോഗിക്കുന്നത്. ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ: 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഗ്രാന്റ് വിനിയോഗിക്കുന്നത്. 2021-22 മുതൽ 2025-26 വരെയാണ് പദ്ധതി കാലയളവ്. ഇതിൽ കുമ്പള ഗ്രാമ പഞ്ചായത്തിന് 2021-22 കാലയളവിൽ ഗ്രാന്റ് ലഭിച്ചിട്ടില്ല. ഉത്തരവിലെ 6 സ്കീമുകളിൽ ക്രമ നമ്പർ 6-1സ്കീം(1), 6-3സ്കീം(3), 6-4സ്കീം(4) എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ള സ്കീമുകൾ. സ്കീമുകളുടെ വിവരം താഴെ ചേർക്കുന്നു.

6-1(1). കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം .

6-3(3). ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

6-4(4). ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമ പഞ്ചായത്തിൽ 2022-23 മുതൽ 2024-25 വരെ ലഭിച്ച ഹെൽത്ത് ഗ്രാന്റ് തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് താഴെ ചേർക്കുന്നു.

1)ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ(വർഷം തിരിച്ച്)

| വർഷം | സ്കീം 1 | | | സ്കീം 3 | | | സ്കീം 4 | | |
|---|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് | ബാങ്ക് | ആകെ | ഗ്രാന്റ് | ബാങ്ക് | ആകെ | ഗ്രാന്റ് | ബാങ്ക് | ആകെ |

| | | പലിശ | | | പലിശ | | | പലിശ | |
|---|---|---|---|---|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 | 412103 | 4819 | 416922 | 246923 | 2944 | 249867 |
| 2023-24 | 0 | 0 | 0 | 1333000 | 31568 | 1364568 | 533000 | 14210 | 547210 |
| 2024-25 | 0 | 0 | 0 | 557000 | 40153 | 597153 | 848000 | 14915 | 862915 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 | 0 |
| 2023-24 | 0 | 275677 | 239507 | 515184 |
| 2024-25 | 0 | 457095 | 261538 | 718633 |
| **ആകെ** | **0** | **732772** | **501045** | **1233817** |

3) നാളിതുവരെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പേരു വിവരം

| വർഷം | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക |
|---|---|---|
| 2023-24 | 382/24-ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൌകര്യം | 275677 |
| | 383/24-ഹെൽത്ത് &വെൽനെസ്സ് സെന്റേർസ് | 93655 |
| | 394/24-ഹെൽത്ത് &വെൽനെസ്സ് സെന്റേർസ് | 145852 |
| 2024-25 | 500/25-ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൌകര്യം | 65290 |
| | 501/25- ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൌകര്യം | 391805 |
| | 499/25- ഹെൽത്ത് &വെൽനെസ്സ് സെന്റേർസ് | 141835 |
| | 502/25-ഹെൽത്ത് &വെൽനെസ്സ് സെന്റേർസ് | 119703 |
| | **ആകെ** | **1233817** |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ

ഇല്ല

5) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

ഇല്ല

6)ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | സ്കീം | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | സ്കീം 1 | 68730100020281 | 0 |
| 2 | സ്കീം 3 | 68730100020283 | 1645871 രൂപ |

| | | | |
|---|---|---|---|
| 3 | സ്കീം 4 | 68730100020282 | 1158947 രൂപ |
| **ആകെ** | | | **2804818 (പലിശ ഉൾപ്പെടെ)** |

ഈ തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല
(7) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക വിനിയോഗിക്കാൻ സാധിക്കാതെ തിരിച്ചടക്കുകയോ NHM/HMC കൈമാറുകയോ ചെയ്തിട്ടില്ല.

2024-25 വർഷം സ്കീം 1, സ്കീം 3, സ്കീം 4 എന്നിവയിൽ ഉൾപ്പെടുത്തി ലഭിച്ച **28,04,818** രൂപ വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ഹെൽത്ത് ഗ്രാന്റ് വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി തുക വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - 2780 രൂപയുടെ നഷ്ടം

കുമ്പള ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണിൽ കാണിച്ചിരിക്കുന്ന വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി.

| ക്രമ നം. | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര് , സ്ഥാപനം | അർദ്ധവർഷം | അർദ്ധ വർഷത്തെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | രശീതി നം., തീയതി |
|---|---|---|---|---|---|---|---|
| 1 | ഷൈജ.വി.എസ്, അസിസ്റ്റന്റ് ടീച്ചർ സെന്റ് മോണിക്ക ഇംഗ്ലീഷ് മീഡിയം, സ്കൂൾ | ഒന്നാം അർദ്ധവർഷം | 1,38,000 | 1250 | 1000 | 250 | 1240204121/ 06.09.2024 |
| | | രണ്ടാം അർദ്ധവർഷം | 1,38,000 | 1250 | 1000 | 250 | 1240208991/ 28.02.2025 |
| 2 | രൂപശ്രീ.എം, കെ.ജി ടീച്ചർ, സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സീനിയർ സെക്കന്ററി സ്കൂൾ | രണ്ടാംഅർദ്ധവർഷം | 62,000 | 750 | 600 | 150 | 1240210427/ 24.03.2025 |
| 3 | പൂജ, കെ.ജി, ടീച്ചർ, സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സീനിയർ സെക്കന്ററി സ്കൂൾ | രണ്ടാം അർദ്ധവർഷം | 62,000 | 750 | 600 | 150 | |
| 4 | സൂര്യകല, ലൈബ്രേറിയൻ, സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സീനിയർ സെക്കന്ററി സ്കൂൾ | രണ്ടാം അർദ്ധവർഷം | 60,000 | 750 | 600 | 150 | |
| 5 | ഭുവനേഷ.ഡി, ഗോൾഡ് അപ്രൈസൽ, | രണ്ടാം അർദ്ധവർഷം | 18,000 | 450 | 180 | 270 | 1240209292/ 05.03.2025 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുമ്പള അഗ്രികൾച്ചറിസ്റ്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | | | | | | |
| 6 | രമേഷ.പി, ഡി ഡി കലക്ടർ കുമ്പള അഗ്രികൾച്ചറിസ്റ്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 24,000 | 450 | 180 | 270 | |
| 7 | വിജിത്ത്കുമാർ.ജെ, ഡി ഡി കലക്ടർ കുമ്പള അഗ്രികൾച്ചറിസ്റ്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 24,000 | 450 | 180 | 270 | |
| 8 | സവിത, ഡി ഡി കലക്ടർ കുമ്പള അഗ്രികൾച്ചറിസ്റ്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 24,000 | 450 | 180 | 270 | |
| 9 | അരുൺ, പെയിന്റർ ദീപക് ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം | 73,500 | 750 | 600 | 150 | |
| 10 | പ്രതാപ്, ഓഫീസ് ബോയി ദീപക് ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം | 73,500 | 750 . | 600 | 150 | |
| 11 | നിതേഷ്, മെക്കാനിക് ദീപക് ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം | 73,500 | 750 | 600 | 150 | 1240209501/ 07.03.2025 |
| 12 | ധനഞ്ജയ, മെക്കാനിക് ദീപക് ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം | 73,500 | 750 | 600 | 150 | |
| 13 | അഭിജിത്ത്, മെക്കാനിക്, ദീപക് ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം | 73,500 | 750 | 600 | 150 | |
| **ആകെ** | | | | | | 2,780 | |

തൊഴിൽ നികുതി ഇനത്തിൽ കുറവ് 2,780/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം: 34/29.01.2026)

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പദ്ധതി അവലോകനം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്) യുടെ വിഹിതം അടവാക്കുന്നതുമായി ബന്ധപ്പെട്ട കുമ്പള ഗ്രാമപഞ്ചായത്തിലെ വിശദവിവരങ്ങൾ

**1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

**(1.4.2024 മുതൽ 31.3.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചവരുടെത് ഒഴികെ)**

| മാസം | ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 03/24 | 13 | 6500 | 6500 | 0 | - |
| 04/24 | 14 | 7000 | 7000 | 0 | - |
| 05/24 | 12 | 6000 | 6000 | 0 | - |
| 06/24 | 12 | 6000 | 6000 | 0 | - |
| 07/24 | 12 | 6000 | 6000 | 0 | - |
| 08/24 | 12 | 6000 | 6000 | 0 | - |
| 09/24 | 12 | 6000 | 6000 | 0 | - |
| 10/24 | 10 | 5000 | 5000 | 0 | - |
| 11/24 | 11 | 5500 | 5500 | 0 | - |
| 12/24 | 11 | 5500 | 5500 | 0 | - |
| 01/25 | 12 | 6000 | 6000 | 0 | - |
| 02/25 | 11 | 5500 | 5500 | 0 | - |
| | **ആകെ** | **71000** | **71000** | **0** | **-** |

മേൽ തുക കൂടാതെ 6000/-രൂപ പാർട്ട് ടൈം ജീവനക്കാരുടെ മെഡിസെപ് വിഹിതമിനത്തിൽ ഓഡിറ്റ് വർഷം ഒടുക്ക് വരുത്തിയിട്ടുണ്ട്. ചുവടെ ക്രമ നം 2, 3, 4 എന്നിവ പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം:2/23.01.2026 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**2.മെഡിസെപ് പ്രീമിയം ഒടുക്ക് (1.4.2024 മുതൽ 30.6.2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അല്ലെങ്കിൽ 07/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**3.മെഡിസെപ് പ്രീമിയം ഒടുക്ക് (1.7.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**4.മെഡിസെപ് പ്രീമിയം ഒടുക്ക് (1.8.2024 മുതൽ 31.3.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അല്ലെങ്കിൽ 07/24 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2024-25 | 23.01.2026 & 24.01.2026 | KSA KSD 6/55/2026 തിയതി:07.02.2026 |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 875000 | 147/25- സ്ഥിരം നെൽകൃഷി (SO) | 875000 | 0 |
| | 2024-25 | 568245 | 64/25- സ്ഥിരം നെൽകൃഷി | 568245 | 0 |
| | 2024-25 | 400000 | 9/25 ലൈഫ് ഭവന നിർമ്മാണം ജനറൽ 24-25 | 400000 | 0 |
| | 2024-25 | 1602260 | 10/25 ലൈഫ് ഭവന നിർമ്മാണം പട്ടിക ജാതി 24-25 | 1602260 | 0 |
| | 2024-25 | 40000 | 160/25 ലൈഫ് ഭവന നിർമ്മാണം പട്ടിക ജാതി 23-24 | 40000 | 0 |
| | 2024-25 | 920000 | 161/25 ലൈഫ് ഭവന നിർമ്മാണം ജനറൽ 23-24 | 920000 | 0 |
| | 2024-25 | 200000 | 4/25 അങ്കണവാടി പോഷകാഹാരം | 200000 | 0 |
| | 2024-25 | 303000 | 5/25 ഭിന്നശേഷി സ്കോളർഷിപ്പ് | 303000 | 0 |
| | 2024-25 | 100000 | 35/25- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | **ആകെ** | **5008505** | | **5008505** | **0** |
| ജില്ലാ പഞ്ചായത്ത് | 2024-25 | 280000 | 5/25 ഭിന്നശേഷി സ്കോളർഷിപ്പ് | 280000 | 0 |
| | **ആകെ** | **280000** | | **280000** | **0** |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| PWD Ele Wing | പ്രൊ.നം 151/25 ആരിക്കാടി അണ്ടർ പാസ്സേജ് ഇംപ്രൂവ്മെന്റിന് മോട്ടോറും ജനറേറ്ററും | ബിൽ നം. 242002520009001936O9/ 23.05.2024 | 952840/- | 0 | 952840/- |
| | | (Vr.No. J 42400359/15-11-2024) | 37610/- | 0 | 37610/- |
| KSEB | 534/25 മിലാദ് നഗർ പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | Vr.No.22400685/31.03.2025 | 99282/- | 0 | 99282/- |
| KSEB | 420/25 ആരിക്കാടി വൈദ്യുത | Vr.No.22400738/31.03.2025 | 389539/- | 0 | 389539/- |

| | | | | | |
|---|---|---|---|---|---|
| | ലൈൻ വലിക്കലും പോസ്റ്റ് മാറ്റലും | | | | |
| KSEB | 561/25 മൊഗ്രാൽമിലാദ് നഗർ ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് വലിക്കൽ മീറ്റർ കണക്ടർ സ്ഥാപിക്കൽ | Vr.No.22400775/31.03.2025 | 88875/- | 0 | 88875/- |
| KSEB | 154/25 വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലും ദീർഘിപ്പിക്കലും (So) | ട്രഷറി ബിൽ നം. 242002520009001936l6/ 23.05.2024 | 400000/- | 0 | 400000/- |
| KSEB | 153/25 കക്കളം കുന്ന് സ്ട്രീറ്റ് ലൈൻ വലിക്കൽ (So) | ട്രഷറി ബിൽ നം. 242002520009001936 04/ 23.05.2024 | 261367/- | 0 | 261367/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-6 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ.(MS) നം 68/2018തസ്വഭവ തീ 18-05-2018 & ജി.ഒ.(MS) നം.111/ 2018 തസ്വഭവ തീ 13-08-2018 | 32669521 | 1,03,80,832 + (ഈ വർഷം ലഭിച്ചത് 1,16,09,600) ആകെ =2,19,90,432 | 30,37,694 | 1,89,52,738 |

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20761/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 19261/- | ലഭ്യമാക്കിയില്ല | 1240200217/09-4-2024 |
| ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 1500/- | ലഭ്യമാക്കിയില്ല | 1240200217/09-4-2024 |
| ആകെ | | 20761 | | |

ഹെഡ് 180400301 ന്റെ ലെഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഹാജരാക്കാത്തതിനാൽ മറ്റ് വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | V-14-1-1 | കുഴൽ കിണർ നിർമ്മാണം കരാറുകാരനിൽ നിന്നും വില്പന നികുതി ഈടാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണനയിൽ (LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.87) |
| 1997-98 | 30 | 2001-02 | V-14-1-2 | ആട് -പശുവിതരണം അധിക സബ്സിഡി നല്കിയത് | നിയമസഭാ സമിതി പരിഗണനയിൽ (LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.90) |
| 2000-01 പ്ലാൻ | 14 | 2007-08 | ഖ.3.66.3 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് യൂ.സി ഇല്ല | ഭവന നിർമ്മാണ ബോർഡിന്റെ കൈവശം ഉപയോഗിക്കാതെ അവശേഷിച്ചിട്ടുള്ള തുക തിരിച്ച് നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് തീരുമാനമെടുക്കണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. (LFAC 2019-21 54 മത് റിപ്പോർട്ട് ) ഖ.84 |
| തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളും വിദ്യാഭ്യാ സ മേഖലയും അവലോകനം 2013-14 | പേജ് 99 | 2013-14 | 5.2.4.2 | കെടിയമ്മ യു.പി സ്കൂൾ ശോചനീയാവസ്ഥ & എം.ജി.എൽ.സിയിൽ അസൗകര്യങ്ങൾ (പേജ്.99) | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് 03.09.2024ന് ഹെഡ്സ്ലോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. (Ksa Ksd 9/727/24 03.09.24) |
| 2015-16 | 2-1,2-2 | 2016-17 | അധ്യായം.2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണനയിൽ |
| തദ്ദേശ സ്ഥാപനങ്ങളിലെ റോഡുകളുടെ ചുമതല വിഭജനം 2017-18 | - | 2017-18 | 2-5 (പേജ് 345 To 366) | 1) ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല 2) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണനയിൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | 3) റോഡുകൾ നോട്ടിഫൈ ചെയ്ത് വിജ്ഞാപനം ഇറക്കിയിട്ടില്ല | അടിസ്ഥാനത്തിൽ 11.08.2025 ന് നിലവിലെ സ്ഥിതി വിവരം ഹെഡ്ക്വോഫീൽ അറിയിച്ചിട്ടുണ്ട്. |

**4-10 ചാർജ്ജ്/സർചാർജ്ജ് നടപടികൾ**

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 15,54,04,650/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 12,71,47,475 /- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 2,780/- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,41,25,796/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2780 | - | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 976284 | ശ്രീ.വിരാജ് തമ്പുരാൻ, സെക്രട്ടറി |
| 1-18 | 799974 | ശ്രീ.വിരാജ് തമ്പുരാൻ, സെക്രട്ടറി |
| 1-19 | 800000 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| 1-20 | 2295029 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| 1-21 | 990000 | ശ്രീ.വിരാജ് തമ്പുരാൻ, സെക്രട്ടറി |
| 1-22 | 436810 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| 1-23 | 577696 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| | 661367 | ശ്രീ.വിരാജ് തമ്പുരാൻ, സെക്രട്ടറി |
| 1-24 | 99500 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| 1-25 | 1098484 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| 1-26 | 167506 | ശ്രീ.മാധവൻ.ഇ.എ (സെക്രട്ടറി ഇൻ ചാർജ്) |
| 1-27 | 225000 | ശ്രീ.മാധവൻ.ഇ.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 210000 | ശ്രീ.മാധവൻ.ഇ.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 129600 | ശ്രീ.മാധവൻ.ഇ.എ അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-30 | 320000 | ഡോ.അരുൺ രാജ് , വെറ്ററിനറി സർജ്ജൻ |
| 1-31 | 78425 | ഡോ.അരുൺ രാജ് , വെറ്ററിനറി സർജ്ജൻ |
| 1-32 | 80000 | ഡോ.അരുൺ രാജ് , വെറ്ററിനറി സർജ്ജൻ |
| 1-33 | 195000 | ഡോ.അരുൺ രാജ് , വെറ്ററിനറി സർജ്ജൻ |
| 1-34 | 153000 | ഡോ.അരുൺ രാജ് , വെറ്ററിനറി സർജ്ജൻ |
| 1-35 | 1400000 | ശ്രീ.ശ്രീഹർഷ എം.പി, പ്രധാനധ്യാപകൻ |
| 1-36 | 886179 | ശ്രീമതി.ജയശ്രീ എച്ച്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-37 | 1256000 | ശ്രീമതി.ജയശ്രീ എച്ച്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-38 | 289942 | ഡോ.സന്ധ്യ എം.എൻ, മെഡിക്കൽ ഓഫീസർ FHC |
| ആകെ | 1,41,25,796/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിരാജ് തമ്പുരാൻ, സെക്രട്ടറി | സെക്രട്ടറി പാണാവള്ളി ഗ്രാമ പഞ്ചായത്ത് ആലപ്പുഴ ജില്ല | അംബിക വില്ല, ഭരണിക്കാവ് കാട്ടാനം ആലപ്പുഴ ജില്ല. പിൻ 690541 |
| ശ്രീ.മാധവൻ.ഇ.എ അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് , എറണാകുളം ജില്ല | എരിക്കംപുറത്ത് വാട്, കാഞ്ഞൂർ പി.ഒ, എറണാകുളം ജില്ല . പിൻ 683575 |
| ഡോ.അരുൺ രാജ് , വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ കുമ്പള ഗ്രാമ പഞ്ചായത്ത് | തോണിക്കടവിൽ ഹൌസ് , ഗാന്ധിനഗർ പി.ഒ, കോട്ടയം ജില്ല ,PIN 686008 |
| ശ്രീ.ശ്രീഹർഷ എം.പി, പ്രധാനധ്യാപകൻ | ഹെഡ്മാസ്റ്റർ GJBS പേരാൽ | അടുല, കചമുണ്ട, ബെള്ളൂർ പി.ഒ, നാട്ടക്കൽ, മുള്ളേരിയ വഴി, കാസറഗോഡ് ജില്ല |
| ശ്രീമതി.ജയശ്രീ എച്ച്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ കുമ്പള ഗ്രാമ പഞ്ചായത്ത് | വളപ്പിൽ ഹൗസ്, ബേപ്പ്,ഇരിയണ്ണി പി.ഒ, കാസറഗോഡ് ജില്ല. |
| ഡോ.സന്ധ്യ എം.എൻ, മെഡിക്കൽ ഓഫീസർ FHC | മെഡിക്കൽ ഓഫീസർ FHC ആരിക്കാടി | സൗപർണിക,ശിവശക്തി നഗർ, രാംദാസ് നഗർ പി.ഒ, കുഡ്‌ലു, കാസറഗോഡ് |

**4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 89-90, 90-91 | കെഎസ്എ-കെഎസ്ഡി.6/8/2023(5) തീയ്യതി 28.03.2025 | 1 |

| | | |
|---|---|---|
| 96-97 | കെഎസ്എ-കെഎസ്ഡി.6/8/2023(6) തീയ്യതി 28.03.2025 | 03 |
| 97-98 (Do) | കെഎസ്എ-കെഎസ്ഡി.6/8/2023(7) തീയ്യതി 28.03.2025 | 11 |
| 98-99 (Plan Fund) | കെഎസ്എ-കെഎസ്ഡി.6/8/2023(9) തീയ്യതി 28.03.2025 | 6 |
| 99-00(do) | കെഎസ്എ-കെഎസ്ഡി.6/8/2023(11) തീയ്യതി 28.03.2025 | 1 |
| 2000-01(do) | കെഎസ്എ-കെഎസ്ഡി.6/8/2023(13)തീയ്യതി 28.03.2025 | 1 |
| 2001-02 (Do) | കെഎസ്എ-കെഎസ്ഡി6/8/2023(15) തീയ്യതി 28.03.2025 | 1 |
| 2000-01(final) | കെഎസ്എ-കെഎസ്ഡി.6/8/2023(12) തീയ്യതി 28.3.2025 | 8 |
| 1999-00(do) | കെഎസ്എ-കെഎസ്ഡി.6/8/2023(10) തീയ്യതി 28.03.2025 | 8 |
| 98-99(do) | കെഎസ്എ-കെഎസ്ഡി.6/8/2023(8) തീയ്യതി 28.03.2025 | 4 |
| 2001-02(do) | കെഎസ്എ-കെഎസ്ഡി.6/8/2023(14) തീയ്യതി 28.3.2025 | 7 |
| 2003-04 | കെഎസ്എ-കെഎസ്ഡി.6/8/2023(16) തീയ്യതി 28.03.2025 | 6 |
| 2004-05 | കെഎസ്എ-കെഎസ്ഡി.6/8/2023(17) തീയ്യതി 28.03.2025 | 8 |
| 2005-06 | കെഎസ്എ-കെഎസ്ഡി.6/8/2023(18) തീയ്യതി 28.03.2025 | 10 |
| 2006-07 | കെഎസ്എ-കെഎസ്ഡി.6/8/2023(19) തീയ്യതി 28.03.2025 | 10 |
| 2008-09 | കെഎസ്എ-കെഎസ്ഡി.6/858/2022(3) തീയ്യതി 28.09.2022 | 8 |
| 2009-10& 2010-11 | കെഎസ്എ-കെഎസ്ഡി.6/858/2022(4) തീയ്യതി 28.09.2022 | 6 |
| 2011-12 | കെഎസ്എ-കെഎസ്ഡി.6/8/2023(20) തീയ്യതി 28.3.2025 | 7 |
| 2012-13& 2013-14 | കെഎസ്എ-കെഎസ്ഡി.6/858/2022(5) തീയ്യതി 28.09.2022 | 11 |
| 2014-15 | കെഎസ്എ-കെഎസ്ഡി.6/858/2022(6) തീയ്യതി 28.09.2022 | 8 |
| 2015-16 | കെഎസ്എ-കെഎസ്ഡി.6/858/2022(7) തീയ്യതി 28.09.2022 | 14 |
| 2016-17 | കെഎസ്എ-കെഎസ്ഡി.6/858/2022(8) തീയ്യതി 28.09.2022 | 17 |
| 2017-18 | കെഎസ്എ-കെഎസ്ഡി.6/1383/2018 തീയ്യതി 25.07.2019 | 16 |
| 2018-19 | കെഎസ്എ-കെഎസ്ഡി.6/8/2023(21) തീയ്യതി 28.03.2025 | 11 |
| 2019-20 | കെഎസ്എ-കെഎസ്ഡി.6/643/2021 തീയ്യതി 07.10.2021 | 48 |
| 2020-21 | കെഎസ്എ-കെഎസ്ഡി. 6/644/2021 തീയ്യതി 30.09.2021 | 38 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി6/1096/22 തിയതി 23.01.2024 | 30 |
| 2022-23 | കെ.എസ്.എ-കെ.എസ്.ഡി6/773/2024 തിയതി 14.03.2025 | 37 |

| | | |
|---|---|---|
| 2023-24 | കെ.എസ്.എ-കെ.എസ്.ഡി6/1053/2024<br>തിയതി 14.03.2025 | 73 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 02(1)/2025 dated 14-10-2025 and submitted on 24-10-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kumbla Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kumbla Grama Panchayat as on 31-03-2025

**Date: 07/02/2026**

**Deputy Director**
**District Office Kasaragod**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kumbla Grama Panchayat for the Year 2024-2025 .

**1.Major Observations**

1) Instances of non compliance with Rule 58 of Kerala Panchayat Raj Accounts Rules 2011 which stipulates daily, monthly, half yearly and annual mandatory accounting fromalities were noticed. Major lapses include delayed accounting of transactions, delayed discharge of liabilities, and improper way of recording transactions.
2) The time limit for submitting the Annual Financial Statements to Audit as per the Kerala Panchayat Raj

(Accounts) Rules, 2011 and Kerala Local Fund Audit Rules, 1996 was not adhered to by the Panchayat.
3) The asset register has not been updated. Hence the accuracy of value of assets reflected in the balance sheet as on 31.03.2025 could not be verified.

**2.Other Observations**

1) The defects which are being repeated over the years such as the defect in carrying over the net surplus into the balance sheet and the defect in the cash flow statement, which requires statewise correction arrangements in the ILGMS, have not been rectified.
2) Undue delay and non compliance with rule 17(2) of Kerala Panchayat Raj Accounts Rules 2011 were noticed in the recording of accrual income in respect of property tax, profession tax from traders/ institutions, rent, and licence fees.
3) The transactions through the following bank accounts were not included in the Grama Panchayat Annual Accounts.

A/c.No. 40517100004592- -Kerala Grameen Bank.

A/c.No. 68730100020310-Bank of Baroda.
4). The closing balances of the following special purpose funds as on 31.03.2025 are not in agreement with the balances in their respective bank accounts.

a. 311100101-Distress Relief Fund

b. 320100124- Hariyali

c. Finance Commission Grant (tied and untied)

d.320200399-Grants for other purposes- state share of LIFE

5). Monthly reconciliation of bank and treasury accounts is not being done on time. Various irregularities were noticed in the year-end reconciliation procedures and adjustments.

6) Defects have been noticed in the year end reconcilliation statements of the following bank accounts
a. Kumbala KGB A/c.No. 40517101045888 own fund

b. 33460635238- SBI -Sand

7) Depreciation has been charged against capital contributions as against assets as stipulated in significant accounting policies issued as per GO(MS)no.152/2011/lsgd, dated 26.07.2011.

8) Register of advances and Register of deposits could not be relied on in audit as they have not been updated.
9) The details of the liabilities reflected in the Schedule B4 and B9 of the Balance sheet were not made available.
10) The details of the deposits and advances reflected in the Schedule B18 of the Balance sheet were not made available.
11) The Finance Standing Commitee is not verifying and auditing the monthly receipts and payments accounts as required in rule 60 of KPR (Accounts) Rules, 2011.
12) The balances of contributions for joint venture projects as per schedule B4 of the Balance Sheet are not in agreement with the balance in the treasury account for joint venture projects.
13)The details of the existing amount in the head liability in stale cheque are not made available.
14) Loan register does not maintained properly. There is discrepancy between the accounts of

330500201- Loan from KURDFC and 440500101-prepaid programme expenses.

15) The year- end reconciliation statement of the KSCB A/c.No. 001001020464 was not prepared and submitted in ILGMS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം –3

## രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| KUMBALA GRAMA PANCHAYAT<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37762696.64 |
| Cash | Cash | RP-40(a) | 0.0 |
| 110000000 | Tax Revenue | RP-1 | 2414687.00 |
| 130000000 | Rental income from panchayat properties | RP-3 | 50.00 |
| 140000000 | Fees & User Charges | RP-4 | 6475593.00 |
| 150000000 | Sale & Hire Charges | RP-5 | 2088354.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32496236.00 |
| 171000000 | Interest Earned | RP-9 | 403979.00 |
| 19000000 | Prior period income | RP-11 | 25455.00 |
| 29000000 | Prior period items | RP-25 | 22290.00 |
| 311000000 | Earmarked Funds | RP-28 | 123.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 55454401.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 39802335.00 |
| 460000000 | Loans, Advances and Deposits | RP-49 | 82000.00 |
| 180000000 | Other Income | RP-10 | 32781.00 |
| 330000000 | Secured Loans | RP-31 | 11609600.00 |
| 340000000 | Deposits Received | RP-33 | 2815237.00 |
| 350000000 | Other Liabilities | RP-35 | 1681539.00 |
| | Grand total | | 193167346.64 |
| | PAYMENTS | | |
| 220000000 | Administrative Expenses | RP-13 | 8000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11671145.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 33180945.00 |
| 460000000 | Loans, Advances and Deposits | RP-49 | 354185.00 |
| 340000000 | Deposits received | RP-33 | 1153988.00 |
| 350000000 | Other Liabilities | RP-35 | 80779212.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 66019871.64 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 193167346.64 |

Deputy Director
Kerala State Audit Department
District Audit Office Kasaragod

## അനുബന്ധം –4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| KUMBALA GRAMA PANCHAYAT<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 12847194.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | I-2 | 0.0 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2353914.00 |
| 140000000 | Fee & User Charges | I-4 | 6772449.00 |
| 150000000 | Sale & Hire Charges | I-5 | 2088354.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 237289494.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 403979.00 |
| 180000000 | Other Income | I-9 | 32781.00 |
| | Total Income | | 261788165.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 17180050.00 |
| 220000000 | Administrative Expenses | I-11 | 1774989.00 |
| 230000000 | Operations & Maintenance | I-12 | 6489636.00 |
| 240000000 | Interest & Finance Charges | I-13 | 192042.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12298295.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 58415100.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 29760862.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 24018161.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 85847200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 578000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| B | Total Expenditure | | 236554335.00 |
| C=A-B | Gross Surplus / Deficit of income over Expenditure Before prior period items | | 25233830.00 |
| 290000000 | Prior Period expenses | I-18 | (-) 3343337.00 |
| 190000000 | Prior period income | 1-19 | 855492 |
| D | Net difference | 1-19 - 18 | (-) 2487879 |
| E | Gross surplus /deficit income over expenditure | | 22745951 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | .00 |

Deputy Director
Kerala State Audit Department
District Audit Office Kasaragod

## അനുബന്ധം -5

## ബാലൻസ് ഷീറ്റ്

| KUMBALA GRAMA PANCHAYT<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 93369706.27 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11851.00 |
| 312000000 | Reserves | B-3 | 38023110.00 |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 76077170.00 |
| 330000000 | Secured Loans | B-5 | 18952738.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| 340000000 | Deposits Received | B-7 | 10486189.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5715437.37 |
| 360000000 | Provisions | B-10 | 0.0 |
| | TOTAL LIABILITIES | | 242636201.64 |
| | ASSETS | | |
| 410000000 | Fixed Assets | B-11 | 2011249.00 |
| 412000000 | Capital Work in Progress | B-11(b) | 0.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2848912.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 45621204.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 180491985.00 |
| 416000000 | Accumulated Depreciation | B-11(a) | -117375970.00 |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 38504340.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19202738.00 |
| 450000000 | Cash and Bank Balance | B-17 | 66019871.64 |
| 460000000 | Loans, Advances and Deposits | B-18 | 5311872.00 |
| 461000000 | Accumulated Provisions against Loans, Advances and Deposits | B-18(a) | 0.0 |
| 470000000 | Other Assets | B-19 | 0.0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | TOTAL ASSETS | | 242636201.64 |

Deputy Director
Kerala State Audit Department
District Audit Office Kasaragod